# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## അഞ്ചുതെങ്ങ് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

തിരുവനന്തപുരം.-695001

ഇ-മെയിൽ: lfadtvm@yahoo.in

ഫോൺ : 0471-2331231

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.റ്റി.വി.എം/ജി.പി 10/1760/23

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001
തീയ്യതി: 21/12/2023
ഇ-മെയിൽ: lfadtvm@yahoo.in
ഫോൺ: 0471-2331231

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
അഞ്ചുതെങ്ങ് ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : അഞ്ചുതെങ്ങ് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം അഞ്ചുതെങ്ങ് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.റ്റി.വി.എം/ജി.പി 10/1760/23 തീയ്യതി: 21/12/2023

## തിരുവനന്തപുരം ജില്ലയിലെ അഞ്ചുതെങ്ങ് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4))** എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തിരുവനന്തപുരം ജില്ലയിലെ അഞ്ചുതെങ്ങ് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-06-2022 മുതൽ 23-11-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 44 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 33 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീജ.കെ. | ഡെപ്യൂട്ടി ഡയറക്ടർ(ഹയർ ഗ്രേഡ്) | 24-11-2023 | 02-12-2023 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 24-11-2023 | 02-12-2023 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീ. മനേഷ്.ബി.എച്ച്, ഓഡിറ്റ് ഓഫീസർ(ഹയർ ഗ്രേഡ്)

ശ്രീ. പ്രവീൺ.എൻ.ജി,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീമതി ലേഖ.എം.എൽ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീ. സജേഷ്.ആർ.എസ്, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. ലൈജു.വി. | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീമതി ഓമന ദേവദാസ് | സെക്രട്ടറി | 01-04-2022 | 09-10-2022 |
| ശ്രീ. അജിത് കുമാർ.വി.ആർ. | സെക്രട്ടറി | 10-10-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി സീമ.വി. | കൃഷി ഓഫീസർ | 01-04-2022 | 31-03-2023 |
| ഡോ. ജെസ്സ.എസ്. | വെറ്റിനറി സർജൻ(ചാർജ്) | 01-04-2022 | 31-03-2023 |
| ഡോ. ഷാംജി വോയ്സ് | മെഡിക്കൽ ഓഫീസർ -സി.എച്ച്.സി. | 01-04-2022 | 01-06-2022 |
| ഡോ. അനിൽകുമാർ.പി. | മെഡിക്കൽ ഓഫീസർ -സി.എച്ച്.സി. | 02-06-2022 | 31-03-2023 |
| ഡോ. തങ്ക.ആർ. | മെഡിക്കൽ ഓഫീസർ - ഹോമിയോ | 01-04-2022 | 20-04-2022 |
| ഡോ. സുനിൽകുമാർ.എസ്. | മെഡിക്കൽ ഓഫീസർ - ഹോമിയോ | 21-04-2022 | 17-06-2022 |
| ഡോ. ബിന്ദു.എസ്. | മെഡിക്കൽ ഓഫീസർ - ഹോമിയോ (ചാർജ്) | 18-06-2022 | 26-06-2022 |
| ഡോ. വിഷ്ണു.വി.എസ്. | മെഡിക്കൽ ഓഫീസർ - ഹോമിയോ | 27-06-2022 | 31-03-2023 |
| ഡോ. ഷമ്മി.ആർ. | മെഡിക്കൽ ഓഫീസർ - ആയുർവേദം | 01-04-2022 | 31-03-2023 |
| ശ്രീമതി ആതിര.എം. | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ - സർക്കിൾ 1 | 01-04-2022 | 13-06-2022 |
| ശ്രീ. ജോജോ സേവിയർ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ - സർക്കിൾ 1 | 14-06-2022 | 31-10-2022 |
| ശ്രീ. മനാസ് രാജ്.ആർ.എസ്. | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ - സർക്കിൾ 1 | 01-11-2022 | 18-01-2023 |
| ശ്രീമതി സ്നേഹ വിശ്വനാഥൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ - സർക്കിൾ 1(ചാർജ്) | 19-01-2023 | 09-02-2023 |
| ശ്രീമതി ആര്യ.പി. | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ - സർക്കിൾ 1 | 10-02-2023 | 31-03-2023 |
| ശ്രീ. ജോജോ സേവിയർ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ - സർക്കിൾ 2 | 01-04-2022 | 13-06-2022 |
| ഒഴിവ് | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ - സർക്കിൾ 2 | 14-06-2022 | 17-01-2023 |
| ശ്രീമതി സ്നേഹ വിശ്വനാഥൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ - സർക്കിൾ 2 | 18-01-2023 | 31-03-2023 |
| ശ്രീമതി ജ്യോതി ജയറാം | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2022 | 31-12-2022 |
| ശ്രീമതി ശ്രീജ.എസ്.എൽ. | ഐ.സി.ഡി.എസ്.സൂപ്പർവൈസർ(ചാർജ്) | 01-01-2023 | 09-01-2023 |
| ശ്രീമതി ബൃന്ദ.എസ്. | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 10-01-2023 | 31-03-2023 |
| ശ്രീമതി ഓമന ദേവദാസ് | സെക്രട്ടറി | 01-04-2022 | 09-10-2022 |
| ശ്രീ. അജിത് കുമാർ.വി.ആർ. | സെക്രട്ടറി | 10-10-2022 | 31-03-2023 |
| ശ്രീമതി ഗീത.ജി.ആർ. | എച്ച്.എം. | 01-04-2022 | 28-06-2022 |
| ശ്രീമതി ലിസി.എസ്. | എച്ച്.എം.(ചാർജ്) | 29-06-2022 | 03-08-2022 |
| ശ്രീമതി ആശ.എസ്. | എച്ച്.എം. | 04-08-2022 | 31-03-2023 |
| ശ്രീമതി സബീന.എം. | അസിസ്റ്റൻറ് എഞ്ചിനീയർ | 01-04-2022 | 06-11-2022 |
| ശ്രീമതി ദീപ.ഡി.ആർ. | അസിസ്റ്റൻറ് എഞ്ചിനീയർ | 07-11-2022 | 31-01-2023 |
| ശ്രീമതി ശ്രീലക്ഷ്മി.യു.എം. | അസിസ്റ്റൻറ് എഞ്ചിനീയർ | 01-02-2023 | 31-03-2023 |
| ശ്രീ. പ്രഭുലാൽ.ആർ.എസ്. | ഡയറി ഫാം ഇൻസ്പെക്ടർ | 01-04-2022 | 31-03-2023 |
| ശ്രീ. വേണുഗോപാൽ.കെ.എൽ. | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2022 | 18-10-2022 |
| ശ്രീ. അജിഷ് ഖാൻ.എസ്.എൽ. | അസിസ്റ്റന്റ് സെക്രട്ടറി (ചാർജ്) | 19-10-2022 | 26-10-2022 |
| ശ്രീമതി ശാന്തി.എൻ. | അസിസ്റ്റന്റ് സെക്രട്ടറി | 27-10-2022 | 31-03-2023 |
| ശ്രീമതി ഷൈലാബീവി.എ. | ഫിഷറീസ് ഓഫീസർ | 01-04-2022 | 31-03-2023 |

## ഉള്ളടക്കം

| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | വാർഷിക അനുപാതങ്ങൾ, അക്കൗണ്ട്സിന്മേലുള്ള കുറിപ്പുകൾ എന്നിവ വാർഷിക ധനകാര്യപത്രികയ്ക്കൊപ്പം സമർപ്പിച്ചിട്ടില്ല. | 1-1-1 |
| 3 | ക്യാഷ് ഫ്ലോ പത്രികയിലെ തുകകൾ പൊരുത്തപ്പെടുന്നില്ല. | 1-1-2 |
| 4 | തൻവർഷത്തെ പ്രവർത്തന ഫലം ക്രമീകരിച്ച് ബി-1 ഷെഡ്യൂളിനോടൊപ്പം സമർപ്പിക്കേണ്ടതായ സ്റ്റേറ്റ്മെന്റ് സമർപ്പിച്ചിട്ടില്ല. | 1-1-3 |
| 5 | മുന്നിരിപ്പ് മുൻവർഷത്തെ നീക്കിയിരിപ്പുമായി പൊരുത്തപ്പെടുന്നില്ല. | 1-1-4 |
| 6 | ഫിക്സഡ് അസറ്റുകൾക്ക് ഡിപ്രീസിയേഷൻ കണക്കാക്കിയിട്ടില്ല | 1-1-5 |
| 7 | പണമാക്കാത്ത ചെക്കുകൾ Stale Cheque ശീർഷകത്തിലേയ്ക്ക് മാറ്റിയിട്ടില്ല. | 1-1-6 |
| 8 | കാനറ ബാങ്ക് അക്കൌണ്ട് നീക്കിയിരിപ്പ് പൊരുത്തപ്പെടുത്തിയിട്ടില്ല | 1-1-7 |
| 9 | സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല. | 1-1-8 |
| 10 | സാമ്പത്തിക വർഷത്തിനുള്ളിൽ പൂർത്തീകരിക്കാനാവാത്ത ചെലവുകൾക്ക് പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല. | 1-1-9 |
| 11 | ലെഡ്ജർ ബാലൻസുകളും ബന്ധപ്പെട്ട രജിസ്റ്ററുകളും തമ്മിൽ പ്രതിമാസം പൊരുത്തപ്പെടുത്തൽ നടത്തുന്നില്ല. | 1-1-10 |
| 12 | തൊഴിലുറപ്പ് പദ്ധതി - ഭരണച്ചെലവ് അക്കൌണ്ട് ചെയ്തതിൽ അപാകം | 1-1-11 |
| 13 | നിക്ഷേപ പ്രവൃത്തിക്കായി നൽകിയ തുകയുടെ നീക്കിയിരിപ്പിൽ വ്യത്യാസം. | 1-1-12 |
| 14 | ബജറ്റ് | 1-2 |
| 15 | ബജറ്റ് - അപാകങ്ങൾ | 1-2-1 |
| 16 | സാമ്പത്തിക വിശകലനം | 1-3 |
| 17 | ഗ്രാന്റ് വിനിയോഗം | 1-4 |
| 18 | ഗ്രാന്റ് വിനിയോഗം - അപാകങ്ങൾ | 1-4-1 |
| 19 | പദ്ധതി അവലോകനം | 1-5 |
| 20 | ക്ഷേമ പദ്ധതികൾ | 1-6 |
| 21 | ക്യാഷ് പരിശോധന | 1-7 |
| 22 | ആഭ്യന്തര നിയന്ത്രണം | 1-8 |
| 23 | തൊഴിലുറപ്പ് പദ്ധതി | 1-9 |
| 24 | മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി -അപാകങ്ങൾ | 1-9-1 |
| 25 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 26 | തനത് വരുമാനം -അവലോകനം | 1-11 |
| 27 | ഗ്രാമസഭയ്ക്ക് മുൻപേ ഭരണസമിതി ഗുണഭോക്തൃ ലിസ്റ്റുകൾക്ക് അംഗീകാരം നൽകി. | 1-12 |
| 28 | രസീത് പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ | 1-13 |
| 29 | പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി-ചെലവാകാതെ ബാക്കി നിൽക്കുന്ന തുക തിരികെ ഈടാക്കണം. | 1-14 |
| 30 | മുറ്റത്തൊരു മീൻതോട്ടം പദ്ധതി -ഗുണഭോക്താവിന്റെ അർഹത വ്യക്തമല്ല. | 1-15 |
| 31 | മത്സ്യ വിപണനത്തിന് ഇരുചക്രവാഹനവും ബോക്സും വനിതകൾക്ക് -ഗുണഭോക്താക്കളിൽ നിന്നും കൂടുതൽ തുക ഈടാക്കി. | 1-16 |
| 32 | മത്സ്യതൊഴിലാളികളുടെ മക്കൾക്ക് ഫർണിച്ചർ പദ്ധതി -മാർഗ്ഗരേഖ നിർദ്ദേശങ്ങൾ കൃത്യമായി പാലിക്കണം. | 1-17 |
| 33 | ഭക്ഷണ വിതരണത്തിന് കുടുംബശ്രീയ്ക്കുള്ള തുക വ്യക്തിഗത അക്കൌണ്ടിലേക്ക് കൈമാറി. | 1-18 |
| 34 | പകൽവീട് പ്രവർത്തനം ആരംഭിച്ചിട്ടില്ല. | 1-19 |
| 35 | പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി - പ്രോജക്ട് നിർവ്വഹണത്തിലെ അപാകങ്ങൾ - 60000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-20 |
| 36 | കുടിവെള്ളക്കര കുടിശ്ശിക ഒടുക്കൽ - അപാകതകൾ | 1-21 |
| 37 | ലൈഫ് ഭവന പദ്ധതി - ഭവന നിർമ്മാണം പൂർത്തിയാക്കിയില്ല. | 1-22 |

| | | |
|---|---|---|
| 38 | വീട് പുനരുദ്ധാരണം ജനറൽ-നിർമ്മാണം പൂർത്തിയാക്കുന്നതിന് കാലതാമസം. | 1-23 |
| 39 | വി.ഇ.ഒ നിർവ്വഹണം നടത്തിയ വിവിധ പദ്ധതികളുടെ ഫയലുകൾ ലഭ്യമാക്കിയില്ല -6,45,000/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-24 |
| 40 | മെഡിക്കൽ ഓഫീസർ, CHC - ഫയലുകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല - 102590/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-25 |
| 41 | മരുന്നു വാങ്ങിയതിന്റെ ടാക്സ് ഇൻവോയ്സ് ലഭ്യമാക്കിയില്ല. | 1-26 |
| 42 | പട്ടികജാതി വിദ്യാത്ഥികൾക്ക് ഫർണിച്ചർ–അനുബന്ധ രേഖകൾ ഹാജരാക്കിയില്ല - 9999/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-27 |
| 43 | ഗ്രാമസഭ നിശ്ചിത ഇടവേളകളിൽ കൂടുന്നില്ല. | 1-28 |
| 44 | ജൈവ വൈവിദ്ധ്യ പൈതൃക വൃക്ഷം സംരക്ഷിക്കൽ - തുടർ പരിപാലനം ഉറപ്പാക്കിയില്ല. | 1-29 |
| 45 | അരിയിട്ടകുന്ന് കയർ സൊസൈറ്റി റോഡ് കൈവരി നിർമ്മാണം - പ്രയോജനപ്രദമാക്കേണ്ടതാണ്. | 1-30 |
| 46 | ആസ്തി സംരക്ഷണ നടപടികൾ പുരോഗമിക്കുന്നു. | 1-31 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| | --- No Records Found --- | |
| | ഭാഗം **4** | |
| 1 | സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 4 | വായ്പ / വായ്പാതിരിച്ചടവ് | 4-4 |
| 5 | സ്ഥിര നിക്ഷേപം | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടുള്ള ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 8 | ചാർജ്ജ് /സർചാർജ്ജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| | അനുബന്ധം | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

## ഭാഗം -1

## പൊതു അവലോകനം

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I. കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1&11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 31.07.2023ലെ 1/1-ാം നമ്പർ കമ്മിറ്റി തീരുമാനം പ്രകാരം തയ്യാറാക്കി **31.07.2023ൽ** പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള **അഞ്ചുതെങ്ങ്** ഗ്രാമ പഞ്ചായത്തിന്റെ മാർച്ച് 2023 അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31/03/2023 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.
Ii. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.
Iii. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

**വിശേഷണങ്ങളോടു കൂടിയ അഭിപ്രായം**

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, **അഞ്ചുതെങ്ങ്** ഗ്രാമ പഞ്ചായത്തിന്റെ 2022-2023 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

### 1-1-1 വാർഷിക അനുപാതങ്ങൾ, അക്കൗണ്ട്സിന്മേലുള്ള കുറിപ്പുകൾ എന്നിവ വാർഷിക ധനകാര്യപത്രികയ്ക്കൊപ്പം സമർപ്പിച്ചിട്ടില്ല.

2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ , ചട്ടം 62-2(ഇ) പ്രകാരമുള്ള അക്കൗണ്ടിന്മേലുള്ള കുറിപ്പുകൾ, ചട്ടം 62-2 (എഫ്) പ്രകാരമുള്ള വാർഷിക അനുപാതങ്ങൾ എന്നിവ തയ്യാറാക്കി വാർഷിക ധനകാര്യ പത്രികക്കൊപ്പം സമർപ്പിച്ചിട്ടില്ല.

വാർഷിക അനുപാതങ്ങൾ ILGMS സോഫ്റ്റ് വെയറിൽ ലഭ്യമല്ലാത്തതിനാലാണ് ഉൾപ്പെടുത്താൻ സാധിക്കാത്തതെന്ന് അറിയിച്ചിട്ടുണ്ട്(ഓഡിറ്റ് എൻക്വയറി നമ്പർ 30/30.11.2023ന്റെ മറുപടി).

### 1-1-2 ക്യാഷ് ഫ്ലോ പത്രികയിലെ തുകകൾ പൊരുത്തപ്പെടുന്നില്ല.

"Net Increase In Cash And Cash Equivalence" ആയി രേഖപ്പെടുത്തിയ തുകയും (9746467) "Net Cash Generated By Operating + Investing + Financing Activity" ആയി രേഖപ്പെടുത്തിയ തുകയും (40102216) തമ്മിൽ പൊരുത്തപ്പെടുന്നില്ല.

ILGMS സോഫ്റ്റ് വെയറിൽ നിന്നും ലഭിക്കുന്ന ക്യാഷ് ഫ്ലോ പത്രിക കൃത്യമല്ലായെന്ന് വിശദീകരിച്ചിട്ടുണ്ട്(ഓഡിറ്റ് എൻക്വയറി നമ്പർ 30/30.11.2023ന്റെ മറുപടി).

### 1-1-3 തൻവർഷത്തെ പ്രവർത്തന ഫലം ക്രമീകരിച്ച് ബി-1 ഷെഡ്യൂളിനോടൊപ്പം സമർപ്പിക്കേണ്ടതായ സ്റ്റേറ്റ്മെന്റ് സമർപ്പിച്ചിട്ടില്ല.

തൻവർഷത്തെ പ്രവർത്തന ഫലം ക്രമീകരിച്ച ബി-1 ഷെഡ്യൂളിന്റെ അനുബന്ധ സ്റ്റേറ്റ്മെന്റ് വാർഷിക കണക്കുകൾക്കൊപ്പം സമർപ്പിച്ചിട്ടില്ല.

ILGMS സോഫ്റ്റ് വെയർ Updation വരുന്നമുറയ്ക്ക് ലഭ്യമാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്(ഓഡിറ്റ് എൻക്വയറി നമ്പർ 30/30.11.2023ന്റെ മറുപടി).

### 1-1-4 മുന്നിരിപ്പ് മുൻവർഷത്തെ നീക്കിയിരിപ്പുമായി പൊരുത്തപ്പെടുന്നില്ല.

2021-22 വാർഷിക ധനകാര്യ പത്രിക 40(b) പ്രകാരം Cash And Bank Balance 47,78,844 രൂപയാണ്(2022-23ലെ മുന്നിരിപ്പായി വരേണ്ട തുക). എന്നാൽ, 2022-23 വാർഷിക ധനകാര്യ പത്രിക 40(a) പ്രകാരം Cash And Bank Balance 47,78,849

രൂപയാണ്(മുന്നിരിപ്പ്).

2021സെപ്റ്റംബറിൽ സിവിൽ രജിസ്ട്രേഷനായി അക്ഷയ വഴി അപേക്ഷ സ്വീകരിക്കുന്നതിന്റെ ഭാഗമായി 5 രൂപയുടെ വരവ് Auto Receipt വന്നതാണ് വ്യത്യാസത്തിന് കാരണമായി വിശദീകരിച്ചിട്ടുള്ളത്(ഓഡിറ്റ് എൻക്വയറി നമ്പർ 30/30.11.2023ന്റെ മറുപടി).

## 1-1-5 ഫിക്സഡ് അസറ്റുകൾക്ക് ഡിപ്രീസിയേഷൻ കണക്കാക്കിയിട്ടില്ല

ഗ്രാമപഞ്ചായത്തിലെ ചുവടെ പറയുന്ന Fixed Assetsന്റെ ഡിപ്രീസിയേഷൻ Income & Expenditure Statement I-17(a) -ൽ കണക്കാക്കിയിട്ടില്ല. ബാലൻസ് ഷീറ്റ് B-11(a) ഷെഡ്യൂളിൽ മുൻ വർഷം വരെയുള്ള Accumulated Depreciation ആണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

| ക്രമ നമ്പർ | ഹെഡ് കോഡ് | ഇനം |
|---|---|---|
| 1 | 416100102 | Accumulated Depreciation-Roads & Bridges |
| 2 | 416100104 | Accumulated Depreciation-Waterways |
| 3 | 416100105 | Accumulated Depreciation-Public Lighting |
| 4 | 416100106 | Accumulated Depreciation - Plant And Machinery |
| 5 | 416100107 | Accumulated Depreciation- Vehicles |
| 6 | 416100108 | Accumulated Depreciation- Office & Other Equipments |
| 7 | 416100110 | Accumulated Depreciation- Other Fixed Assets |

ഡിപ്രീസിയേഷൻ ഒരു സാങ്കല്പിക ചെലവായതിനാലും ഡിപ്രീസിയേഷൻ അധികമായി രേഖപ്പെടുത്തുമ്പോൾ പഞ്ചായത്ത് ഫണ്ട് നെഗറ്റീവായി മാറുന്നതിനാലുമാണ് എല്ലാ ഹെഡിലും ഡിപ്രീസിയേഷൻ രേഖപ്പെടുത്താത്തതെന്ന് അറിയിച്ചിട്ടുണ്ട് (ഓഡിറ്റ് എൻക്വയറി നമ്പർ 30/30.11.2023ന്റെ മറുപടി).

## 1-1-6 പണമാക്കാത്ത ചെക്കുകൾ Stale Cheque ശീർഷകത്തിലേയ്ക്ക് മാറ്റിയിട്ടില്ല.

റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് (മാർച്ച് 2023) പരിശോധിച്ചതിൽ ചെക്കിന്റെ കാലാവധിക്കുള്ളിൽ (നല്കി 3 മാസത്തിനുള്ളിൽ), പണമാക്കാത്ത ചെക്കുകൾ Stale Cheque ശീർഷകത്തിലേയ്ക്ക് മാറ്റിയിട്ടില്ലായെന്ന് കാണുന്നു.

കാനറ ബാങ്ക്, കടയ്ക്കാവൂർ (അക്കൌണ്ട് നമ്പർ 40092200100117)

| ക്രമ നമ്പർ | ചെക്ക് നമ്പർ തീയതി | തുക |
|---|---|---|
| 1 | 469005/05.03.2021 | 479 |
| 2 | 468911 /22.12.2020 | 1390 |
| 3 | 469005/05.03.2021 | 800 |
| 4 | 799480 /22.07.2020 | 1550 |
| 5 | 469005 /05.03.2021 | 634 |
| 6 | 219520 /24.06.2021 | 1425 |
| 7 | 469032 /23.03.2021 | 250 |
| 8 | 798656 /30.06.2020 | 2762 |
| 9 | 798656 /15.09.2020 | 526 |
| 10 | 798740 /16.09.2020 | 398 |
| 11 | 850147 /12.05.2022 | 600 |

2011-ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ ചട്ടം 46 പ്രകാരം ചെക്കുകൾ അവയുടെ കാലാവധിക്കുള്ളിൽ മാറാതിരിക്കുകയും കാലാവധി ദീർഘിപ്പിച്ച് നല്കാതിരിക്കുകയും ചെയ്യുകയാണെങ്കിൽ പ്രസ്തുത ചെക്കുകളുടെ തുകകൾ കാലാവധി കഴിഞ്ഞ ചെക്കുകളുടെ അക്കൗണ്ടിലേക്ക് ബാധ്യതയായി മാറ്റേണ്ടതും ബാങ്ക് ബുക്കിൽ ഡെബിറ്റ് ചെയ്യേണ്ടതുമാണ്. എന്നാൽ മേൽ ചെക്കുകളുടെ കാലാവധി കഴിഞ്ഞിട്ടും ചട്ട പ്രകാരമുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല.

കാലഹരണപ്പെട്ട ചെക്കുകൾ ഭരണസമിതി തീരുമാനപ്രകാരം Stale Cheque ശീർഷകത്തിലേയ്ക്ക് മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്(ഓഡിറ്റ് എൻക്വയറി നമ്പർ 30/30.11.2023ന്റെ മറുപടി).

## 1-1-7 കാനറ ബാങ്ക് അക്കൌണ്ട് നീക്കിയിരിപ്പ് പൊരുത്തപ്പെടുത്തിയിട്ടില്ല

CANARA BANK VOLUNTARY CONRIBUTION(അക്കൗണ്ട് നമ്പർ 110107106898) എന്ന അക്കൌണ്ടിന്റെ റിക്കൺസിലിയേഷൻ

(ILGMSലും) നടത്തിയിട്ടില്ല.

പ്രസ്തുത അക്കൌണ്ട് 2023-24 വർഷത്തിലാണ് 'അക്കൌണ്ട്സി'ൽ ഉൾപ്പെടുത്തിയതെന്ന് വിശദീകരിച്ചിട്ടുണ്ട്(ഓഡിറ്റ് എൻക്വയറി നമ്പർ 30/30.11.2023ന്റെ മറുപടി). എന്നാൽ, 10.03.2023ൽ ആരംഭിച്ച പ്രസ്തുത അക്കൌണ്ടിന്റെ നീക്കിയിരിപ്പായി 1,32,440 രൂപ ഉൾപ്പെടുത്തിയിട്ടുണ്ട്.

### 1-1-8 സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല.

കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2) പ്രകാരം ഗ്രാമപഞ്ചായത്തിന്റെ അക്രൂവൽ ചെയ്യേണ്ട വരുമാനങ്ങളുടെ ഓരോ ഇനങ്ങളുടെയും പ്രതിമാസ ഡിമാന്റ്, ജേണൽ എൻട്രി മുഖേന രേഖപ്പെടുത്തേണ്ടതുമാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ പ്രതിമാസം വസ്തു നികുതിക്കും തൊഴിൽ നികുതിക്കും ഡിമാന്റ് നടത്തിയിട്ടില്ല. 2022-23 വർഷാവസാനം മാത്രമാണ് എൻട്രി രേഖപ്പെടുത്തിയിട്ടുള്ളത്. വിശദാംശം ചുവടെ ചേർക്കുന്നു.

| ഹെഡ് കോഡ് | ഇനം | ഡിമാന്റ് രേഖപ്പെടുത്തിയ വൗച്ചർ നമ്പർ / തീയതി |
|---|---|---|
| 110100101 | Property Tax On Residential Buildings | 42200916 /31.03.2023 |
| 110100102 | Property Tax On Non Residential Buildings | 42200917 /31.03.2023 |
| 110200101 | Profession Tax - Institutions | 42200910 /31.03.2023 |

പ്രസ്തുത അപാകം വരും വർഷങ്ങളിൽ പരിഹരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്(ഓഡിറ്റ് എൻക്വയറി നമ്പർ 30/30.11.2023ന്റെ മറുപടി).

### 1-1-9 സാമ്പത്തിക വർഷത്തിനുള്ളിൽ പൂർത്തീകരിക്കാനാവാത്ത ചെലവുകൾക്ക് പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

സാമ്പത്തിക വർഷത്തിനുള്ളിൽ പൂർത്തീകരിക്കാനാവാത്ത ചെലവുകൾക്കൊന്നിനും (ഉദാഹരണമായി 2023 മാർച്ചിലെ, ജനപ്രതിനിധികളുടെ ഓണറേറിയം, ഇന്ധനചെലവ് ) ബാലൻസ് ഷീറ്റ് ബി 9 ഷെഡ്യൂളിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

പ്രസ്തുത അപാകം വരും വർഷങ്ങളിൽ പരിഹരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്(ഓഡിറ്റ് എൻക്വയറി നമ്പർ 30/30.11.2023ന്റെ മറുപടി).

### 1-1-10 ലെഡ്ജർ ബാലൻസുകളും ബന്ധപ്പെട്ട രജിസ്റ്ററുകളും തമ്മിൽ പ്രതിമാസം പൊരുത്തപ്പെടുത്തൽ നടത്തുന്നില്ല.

ലെഡ്ജർ ബാലൻസുകളും ആ ശീർഷകവുമായി ബന്ധപ്പെട്ട രജിസ്റ്ററുകളും തമ്മിൽ പ്രതിമാസം പൊരുത്തപ്പെടുത്തൽ നടത്തുന്നില്ല. പ്രസ്തുത അപാകത്തിന് വിശദീകരണം ലഭ്യമാക്കിയില്ല.

### 1-1-11 തൊഴിലുറപ്പ് പദ്ധതി - ഭരണച്ചെലവ് അക്കൌണ്ട് ചെയ്തതിൽ അപാകം

തൊഴിലുറപ്പ് പദ്ധതി ഭരണച്ചെലവ് അക്കൌണ്ട് ചെയ്തതിൽ ചുവടെ ചേർക്കും പ്രകാരമുള്ള വ്യത്യാസമുണ്ട്.

| | |
|---|---|
| മുന്നിരിപ്പ്<br>2021-22 B4പ്രകാരം | 534 |
| വരവ്<br>2022-23 RP 30പ്രകാരം | 1280666 |
| ആകെ | 1281200 |
| ചെലവ്<br>2022-23 I-14(F)പ്രകാരം | 841734 |
| നീക്കിയിരിപ്പ് | 439466 |
| 2022-23 B4പ്രകാരം<br>നീക്കിയിരിപ്പ് | 4288 |
| വ്യത്യാസം | 435178 |

ലഭ്യമാക്കിയ EFMS സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വിശദാംശം ചുവടെ ചേർക്കുന്നു.

| | |
|---|---|
| Unskilled | 18999543 |
| Skilled | 372910 |
| Material | 1847000 |
| Administrative Expenses | 1273567 |

| | |
|---|---|
| Total | 22493020 |

EFMS സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ഭരണ ചെലവ് ധനകാര്യ പത്രികയിലെ വിവരങ്ങളുമായി പൊരുത്തപ്പെടുന്നില്ല. I-6 പ്രകാരം ചെലവ് 22061187 രൂപയാണ്.

ചെക്ക് നമ്പർ 588061/28.03.2023 പ്രകാരം 435178 രൂപ ജോയിന്റ് പ്രോഗ്രാം കോ- ഓർഡിനേറ്റർക്ക് തിരിച്ച് നൽകിയത് ചെലവിൽ ഉൾപ്പെടുത്താത്തതാണ് വ്യത്യാസത്തിന് കാരണമായി വിശദീകരിച്ചിട്ടുള്ളത്(ഓഡിറ്റ് എൻക്വയറി നമ്പർ 12/28.11.2023ന്റെ മറുപടി).

## 1-1-12 നിക്ഷേപ പ്രവൃത്തിക്കായി നൽകിയ തുകയുടെ നീക്കിയിരിപ്പിൽ വ്യത്യാസം.

കേരള വാട്ടർ അതോറിറ്റിയിൽ, വാർഷിക ധനകാര്യ പത്രിക പ്രകാരം , നിക്ഷേപ പ്രവൃത്തികൾക്കായി നൽകിയ തുകയുടെ നീക്കിയിരിപ്പ് പൊരുത്തപ്പെടുന്നില്ല.

| | 2021-22 B18 ഷെഡ്യൂൾ പ്രകാരം മുന്നിരിപ്പ് | 2022-23 വർഷത്തെ നിക്ഷേപം (സുലേഖ പ്രകാരം) | ആകെ | 2022-23 വർഷം വിനിയോഗിച്ചത് / തിരികെ ലഭിച്ചത് | നീക്കിയിരിപ്പ് | 2022-23 B18 ഷെഡ്യൂൾ പ്രകാരം നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| വാട്ടർ അതോറിറ്റി | 12614675 | 0 | 12614675 | 0 | 12614675 | 16168861 |

ബന്ധപ്പെട്ട ശീർഷകത്തിന്റെ (460500201) ട്രയൽ ബാലൻസ് പ്രകാരം ഡെബിറ്റിലും ക്രെഡിറ്റിലും തുക രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ, പ്രസ്തുത വരവ് ചെലവുകളുടെ ആധികാരികത ലഭ്യമായില്ല.
വ്യത്യാസത്തിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 21/29.11.2023) മറുപടി ലഭ്യമാക്കിയില്ല. അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-2 ബജറ്റ്

| | ബജറ്റ് | ലഭ്യമാക്കിയ റിവൈസ്ഡ് ബജറ്റ് പ്രകാരം |
|---|---|---|
| അംഗീകരിച്ച തീയതി | 25.03.2022 | ലഭ്യമല്ല |
| ഭരണസമിതി തീരുമാനം | 1/1 | ലഭ്യമല്ല |
| മുന്നിരിപ്പ് | (-)1,02,89,022 | (-)1,02,89,022 |
| പ്രതീക്ഷിത വരവ് | 20,56,68,000 | 19,56,68,000 |
| ആകെ | 19,53,78,978 | 18,53,78,978 |
| പ്രതീക്ഷിത ചെലവ് | 19,28,72,196 | 18,27,01,764 |
| നീക്കിയിരിപ്പ് | 25,06,782 | 26,77,214 |

## 1-2-1 ബജറ്റ് - അപാകങ്ങൾ

1) ജി.ഒ(ആർ.റ്റി) നം. 3291/16/എൽ.എസ്.ജി.ഡി തീയതി 02.12.2016നമ്പർ ഉത്തരവ് പ്രകാരം അംഗീകരിച്ച, ഗ്രാമപഞ്ചായത്തുകളുടെ ബജറ്റ് സംബന്ധിച്ച ഫിനാൻസ് മാനേജ്മെന്റ് മാന്വൽ ഖണ്ഡിക 3.1(ii) പ്രകാരം വാർഷിക ബജറ്റുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന പ്രധാന രേഖകൾ ബജറ്റ് ഡോക്യുമെന്റ് ആയി പ്രത്യേകം ഫയലിൽ സൂക്ഷിക്കേണ്ടതുണ്ട്.

I) ബജറ്റ് പ്രസംഗം

Ii) ബജറ്റ് കുറിപ്പുകൾ (Annexure 6)

Iii) പെർഫോമൻസ് ബജറ്റ് (Annexure 10)

Iv) ജെൻഡർ ബജറ്റ് (Annexure 11)

V) ബജറ്റ് പത്രികകളും ബജറ്റ് ഷെഡ്യൂളുകളും

ബജറ്റ് പ്രസംഗം ഒഴികെ, മറ്റ് രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

2) ഗ്രാമപഞ്ചായത്തുകളുടെ ബജറ്റ് സംബന്ധിച്ച ഫിനാൻസ് മാനേജ്മെന്റ് മാന്വൽ പ്രകാരം എല്ലാ നിർവ്വഹണ ഉദ്യോഗസ്ഥരും എല്ലാ മാസവും 5-ാം തീയതിയ്ക്ക് മുൻപായി മാസം തോറുമുള്ള അവലോകന റിപ്പോർട്ടും വിനിയോഗ സാക്ഷ്യപത്രവും ഹാജരാക്കേണ്ടതും, അതിന്റെ അടിസ്ഥാനത്തിൽ പട്ടിക 4-1, 4-2 എന്നിവ പ്രകാരം വരുമാനവും ചെലവും സംബന്ധിച്ച് മാസം തോറുമുള്ള അവലോകന റിപ്പോർട്ട് സെക്രട്ടറി ഗ്രാമപഞ്ചായത്തിന്റെ ഫിനാൻസ് സ്റ്റാന്റിംഗ് കമ്മിറ്റി മുമ്പാകെ സമർപ്പിക്കേണ്ടതും,

എല്ലാ മാസവും 10-ാം തീയതിക്ക് മുൻപായി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മാസം തോറുമുള്ള അവലോകനം നിർവ്വഹിക്കേണ്ടതായിട്ടുമുണ്ട്. പ്രസ്തുത അവലോകനത്തിന്റെ അടിസ്ഥാനത്തിൽ വിഭവ സമാഹരണത്തിന്റെയും ചെലവിന്റെയും പുരോഗതി സംബന്ധിച്ച പുരോഗതി റിപ്പോർട്ട് (മേൽ മാതൃകയിൽ) ഗ്രാമപഞ്ചായത്തിൽ സമർപ്പിക്കേണ്ടതും ആയത് ഒരു അജണ്ടയാക്കി ഗ്രാമപഞ്ചായത്ത് മീറ്റിംഗിൽ ചർച്ചയ്ക്ക് വിധേയമാക്കേണ്ടതുമാണ്. കൂടാതെ, പ്രസിഡന്റ് മാസം തോറും നിർവ്വഹണ ഉദ്യോഗസ്ഥരുടെ ഒരു യോഗം കൂടേണ്ടതും നിർവ്വഹണ പുരോഗതി വിലയിരുത്തേണ്ടതും അടുത്ത മാസത്തെ പ്രവർത്തന പദ്ധതി ചർച്ച ചെയ്യേണ്ടതുമാണ്. മാസം തോറുമുള്ള അവലോകനം സെക്രട്ടറി ഏകോപിക്കേണ്ടതുമാണ് [ബജറ്റ് മാന്വൽ ഖണ്ഡിക 4-4]. ബജറ്റിന്റെ പ്രതിമാസ അവലോകനം നടത്തിയത് സംബന്ധിച്ച രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

3)മേൽ വിവരിച്ച ഒരു മാതൃകയിൽ വരുമാനം/ചെലവ് സംബന്ധിച്ച വാർഷിക വിവരങ്ങൾ തയ്യാറാക്കി എല്ലാ വർഷവും ഏപ്രിലിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഒരു വാർഷിക അവലോകനം നിർവ്വഹിക്കേണ്ടതും തുടർന്ന് സ്റ്റാന്റിംഗ് കമ്മിറ്റി ശുപാർശകൾ സഹിതം വാർഷിക അവലോകന റിപ്പോർട്ട് ഗ്രാമപഞ്ചായത്ത് മുമ്പാകെ അവതരിപ്പിക്കേണ്ടതാണെന്ന് ബജറ്റ് മാന്വൽ ഖണ്ഡിക 4-5 വ്യക്തമാക്കുന്നു. പ്രതിമാസമുള്ളതും, വാർഷികവുമായ റിപ്പോർട്ടുകൾ പരിഗണിച്ച് ധനസമാഹരണം സംബന്ധിച്ചും സെക്രട്ടറി അടക്കമുള്ള നിർവ്വഹണ ഉദ്യോഗസ്ഥർക്ക് ആവശ്യമായ തുടർനിർദ്ദേശം ഗ്രാമപഞ്ചായത്ത് നൽകേണ്ടതാണെന്ന് ബജറ്റ് മാന്വൽ ഖണ്ഡിക 4-5(xi) വ്യക്തമാക്കുന്നു. മേൽ നടപടി ക്രമങ്ങൾ പാലിച്ചത് സംബന്ധിച്ച രേഖകൾ ലഭ്യമാക്കിയിട്ടില്ല.

4) ബജറ്റ് തയ്യാറാക്കുന്നതിനായി തദ്ദേശഭരണസ്ഥാപനത്തിന്റെ നിയന്ത്രണത്തിലുള്ള കൈമാറിക്കിട്ടിയ സ്ഥാപന മേധാവികൾ ഒരു വർഷത്തേക്കുള്ള കണ്ടിജൻസി ചെലവുകൾ (കറണ്ട് ചാർജ്, വാട്ടർ ചാർജ്, വാടക, കൺസ്യൂമബിൾസ്, സ്റ്റേഷനറി, പോസ്റ്റേജ്, ടെലഫോൺ, ഇന്റർനെറ്റ്, ചാർജ്) തുടങ്ങിയ ഓഫീസ് ചെലവുകളുടെ ആവശ്യകത പട്ടിക രൂപത്തിൽ തയ്യാറാക്കി സമർപ്പിക്കേണ്ടതാണ്. വിവിധ ഘടക സ്ഥാപന മേധാവികൾക്ക്, ബജറ്റ് ശുപാർശകൾക്ക് 12.01.2022ന് ഗ്രാമ പഞ്ചായത്തിൽ നിന്നും അറിയിപ്പ് നൽകിയെങ്കിലും ഹോമിയോ മെഡിക്കൽ ഓഫീസർ മാത്രമാണ് പ്രൊപ്പോസൽ അയച്ചിട്ടുള്ളത്.

5) റിവൈസ്ഡ് ബജറ്റ് ഭരണസമിതി അംഗീകരിച്ചതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയില്ല.

6)1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 214(3) പ്രകാരം വരവുകളുടെ മതിപ്പ് സവിസ്താരവും, വാസ്തവികവുമായിരിക്കേണ്ടതാണ്. ബജറ്റ് പ്രകാരമുള്ള തനത് ഇനങ്ങളുടെ പ്രതീക്ഷിത വരവ് വാർഷിക ധനകാര്യപത്രിക പ്രകാരമുള്ള യഥാർത്ഥ വരവിനേക്കാൾ വളരെ കൂടുതലാണെന്ന് കണ്ടെത്തിയിട്ടുണ്ട്. ഉദാഹരണം ചുവടെ ചേർക്കുന്നു.

| ഹെഡ് കോഡ് | ഇനം | ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവ് | വാർഷികധനകാര്യ പത്രിക പ്രകാരമുള്ള വരവ് |
|---|---|---|---|
| 1101001 | വസ്തു നികുതി | 20,00,000 | 6,30,983 |
| 1102001 | തൊഴിൽ നികുതി | 12,00,000 | 7,21,660 |

മേൽ അപാകങ്ങൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 11/28.11.2023) മറുപടി ലഭ്യമാക്കിയില്ല.

## 1-3 സാമ്പത്തിക വിശകലനം

റസീപ്റ്റ് & പേയ്മെന്റ് പത്രിക പ്രകാരം

| | |
|---|---|
| മുന്നിരിപ്പ് | 4778849 |
| ഓഡിറ്റ് വർഷത്തെ വരവ് | 40537958 |
| ആകെ | 45316807 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 30791491 |
| നീക്കിയിരിപ്പ് | 14525316 |

## 1-4 ഗ്രാന്റ് വിനിയോഗം

ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ഗ്രാന്റ് വിനിയോഗത്തിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| ഗ്രാന്റ് | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 0 | 22708390 | 22708390 | 20414108 | 2294282 |
| വികസനഫണ്ട് (എസ്.സി.പി) | 0 | 3547868 | 3547868 | 2643549 | 904319 |
| വികസനഫണ്ട് (CFC Tied) | 0 | 6215000 | 6215000 | 218618 | 5996382 |
| വികസനഫണ്ട് (CFC Untied) | 0 | 4416797 | 4416797 | 1583762 | 2833035 |
| മെയിന്റനൻസ് ഫണ്ട് (റോഡ്) | 0 | 6147000 | 6147000 | 1475586 | 4671414 |
| മെയിന്റനൻസ് ഫണ്ട് (റോഡിതരം) | 0 | 7337000 | 7337000 | 4485056 | 2851944 |
| CSS | 0 | 0 | 0 | 271695 | (-)271695 |

## 1-4-1 ഗ്രാന്റ് വിനിയോഗം - അപാകങ്ങൾ

1)വികസന ഫണ്ട് (ജനറൽ)ന്റെ ചെലവ്, 2022-23 വർഷത്തെ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ, ഗ്രാന്റ് സ്റ്റേറ്റ്മെന്റ് , വാർഷിക കണക്ക് എന്നിവ പ്രകാരം പൊരുത്തപ്പെടുന്നില്ല.

| | | |
|---|---|---|
| വികസന ഫണ്ട് (ജനറൽ) | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് | 20414108 |
| | ACR + Source Deduction ( 1854610) | 20564358 |
| | വാർഷിക ധനകാര്യ പത്രിക (I-6+ Corresponding Capital Contribution) | 20414108 |

വ്യത്യാസത്തിന് വ്യക്തമായ വിശദീകരണം ലഭ്യമാക്കിയില്ല.

2)സ.ഉ (കൈ) നം. 84/2022 / ത.സ്വ.ഭ.വ തീയതി 19.04.2022 ഉത്തരവ് ഖ.6.1 പ്രകാരം പട്ടിക ജാതി ഉപപദ്ധതി വിഹിതമായി സംസ്ഥാന ബജറ്റ് അലോക്കേഷൻ പ്രകാരം ലഭിക്കുന്ന തുക പ്രകാരം പട്ടികജാതി വിഭാഗങ്ങൾക്കായി വിവിധ പദ്ധതികൾ തയ്യാറാക്കേണ്ടതും പ്രസ്തുത വിഹിതം പാഴാക്കാനോ വകമാറ്റി ചെലവഴിക്കാനോ പാടില്ലായെന്നും വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ പഞ്ചായത്തിൽ ബജറ്റ് അലോക്കേഷൻ പ്രകാരം പട്ടിക ജാതി ഉപപദ്ധതി വിഹിതമായി വകയിരുത്തിയ 36,33,000 രൂപയിൽ 26,43,549രൂപയാണ് ചെലവഴിച്ചിട്ടുള്ളത് (ചെലവ് - 73%). പട്ടിക ജാതി ഉപപദ്ധതി വിഹിതമായി വകയിരുത്തിയ തുക പൂർണമായും ചെലവഴിച്ചിട്ടില്ല.

പട്ടിക ജാതി ഗുണഭോക്താക്കളുടെ കുറവും ലൈഫ് പദ്ധതിക്ക് ഭൂമി ലഭ്യമാകാത്തതുമാണ് പട്ടിക ജാതി ഉപപദ്ധതി വിഹിതം പൂർണമായും ചെലവഴിക്കാത്തതിന് കാരണമായി വിശദീകരിച്ചിട്ടുള്ളത്(ഓഡിറ്റ് എൻക്വയറി നമ്പർ 10/27.11.2023ന്റെ മറുപടി).

3) ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം കേന്ദ്രാവിഷ്കൃത ഫണ്ടിന്റെ വരവ് "0" യും നീക്കിയിരിപ്പ് നെഗറ്റീവുമായാണ് കാണിച്ചിട്ടുള്ളത്.

4)ഗ്രാമപഞ്ചായത്തിൽ 2022-23 സാമ്പത്തിക വർഷം മേഖലാടിസ്ഥാനത്തിൽ പദ്ധതി മാർഗരേഖ പ്രകാരമുള്ള തുക വകയിരുത്തിയിട്ടുണ്ടെങ്കിലും ഭാഗികമായി മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. മേഖലാടിസ്ഥാനത്തിലുള്ള ചെലവ് വിവരം ചുവടെ ചേർക്കുന്നു.

| മേഖല | വിഭാഗം | അടങ്കൽ (മറ്റുള്ളവ ഒഴികെ) | ചെലവ് (മറ്റുള്ളവ ഒഴികെ) | ചെലവ് % |
|---|---|---|---|---|
| **ഉല്പാദനം** | പൊതുവിഭാഗം | 6643017 | 5496070 | 83 |
| **സേവനം** | പൊതുവിഭാഗം | 40452499 | 19606680 | 48 |
| | പട്ടിക ജാതി വിഭാഗം | 4776316 | 2647940 | 55 |
| **പശ്ചാത്തലം** | പൊതുവിഭാഗം | 14886913 | 3781791 | 25 |

വരും വർഷങ്ങളിൽ ലഭിക്കുന്ന മുഴുവൻ പദ്ധതി തുകയും ചെലവഴിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

5)സ.ഉ(കൈ)നം.84/2022/തസ്വഭവ തീയതി 19.04.2022 ഖണ്ഡിക 5.4.1.9 പ്രകാരം ഗ്രാമപഞ്ചായത്തുകൾ പൊതു വിഭാഗം വികസനഫണ്ടിലെ സാധാരണ വിഹിതം, എസ്.സി.എസ്.പി, റ്റി.എസ്.പി എന്നിവ കൂട്ടിയ തുകയുടെ കുറഞ്ഞത് പത്ത് ശതമാനം വനിതാഘടകപദ്ധതിയ്ക്ക് വകയിരുത്തണ്ടേതാണ്. മേൽ ഉത്തരവ് ഖണ്ഡിക 5.4.1.10 പ്രകാരം ഗ്രാമപഞ്ചായത്തുകൾ പൊതു വിഭാഗം വികസനഫണ്ടിലെ സാധാരണ വിഹിതം, എസ്.സി.എസ്.പി, ടി.എസ്.പി എന്നിവ കൂട്ടിയ തുകയുടെ 5 ശതമാനം കുട്ടികൾ, ഭിന്നശേഷിയുള്ളവർ, ട്രാൻസ്ജന്റേഴ്സ് എന്നിവരുടെ ക്ഷേമത്തിനും വികസനത്തിനും വേണ്ടിയും കുറഞ്ഞത് 5 % തുക വയോജനങ്ങളുടെ ക്ഷേമത്തിനും പാലിയേറ്റീവ് കെയർ പ്രകാരമുള്ള പരിചരണത്തിനും വകയിരുത്തണം. പ്രസ്തുത വിഭാഗങ്ങൾക്ക് വകയിരുത്തിയ തുക പൂർണമായും ചെലവഴിച്ചതായി കാണുന്നില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| വിഭാഗം | അടങ്കൽ തുക (മറ്റുള്ളവ ഒഴികെ) | ചെലവഴിച്ച തുക (മറ്റുള്ളവ ഒഴികെ) | ചെലവ് ശതമാനം |
|---|---|---|---|
| വനിത ഘടക പദ്ധതി | 2630400 | 2365469 | 90 |
| കുട്ടികൾ | 1208125 | 1058059 | 88 |
| വൃദ്ധർ | 1103750 | 689149 | 62 |
| ഭിന്നശേഷിയുള്ളവർ | 539352 | 39352 | 7 |
| പാലിയേറ്റീവ് കെയർ രോഗികൾ | 126615 | 76660 | 61 |

വരും വർഷങ്ങളിൽ 100% ചെലവഴിക്കുന്നതിന് പ്രത്യേകം ശ്രദ്ധ ചെലുത്തുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

6) സംയുക്ത പ്രോജക്ടുകൾക്ക് ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളിൽ നിന്നും മുൻവർഷങ്ങളിൽ ലഭിച്ച താഴെപ്പറയുന്ന തുകകൾ 2022-23 വർഷത്തിൽ ചെലവഴിക്കുകയോ തിരികെ ഒടുക്കുകയോ ചെയ്തിട്ടില്ല. 2021-22 വാർഷിക ധനകാര്യപത്രിക ബി-4 ഷെഡ്യൂൾ പ്രകാരം താഴെപ്പറയുന്ന ഹെഡുകളിലുള്ള ഗ്രാന്റുകൾ/ഫണ്ടുകൾ എന്നിവ 2022-23 വർഷത്തിലും ചെലവഴിക്കാതെ അവശേഷിക്കുന്നു.

| ക്രമ നമ്പർ | കോഡ് | തദ്ദേശ സ്ഥാപനം | തുക |
|---|---|---|---|
| I | 320700204 | ബ്ലോക്ക് പഞ്ചായത്ത് | 9550384 |
| Ii | 320700205 | ജില്ലാ പഞ്ചായത്ത് | 13841 |

വരും വർഷങ്ങളിൽ പ്രസ്തുത തുകകൾ പദ്ധതിയിൽ ഉൾപ്പെടുത്തി വിനിയോഗിക്കാനോ തിരികെ അതാത് സ്ഥാപനങ്ങളിൽ തിരിച്ചടയ്ക്കാനോ വേണ്ട നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

**7)** പ്രത്യേക ഉദ്ദേശ്യങ്ങൾക്കായി ലഭിച്ച Grants / Contributions തുകകൾ 2022-23 സാമ്പത്തിക വർഷം ചെലവഴിച്ചിട്ടില്ല. 2021-22 സാമ്പത്തിക വർഷം നീക്കിയിരിപ്പായി അവശേഷിച്ച അതേ തുക തന്നെയാണ് 2022-23 വാർഷികധനകാര്യപത്രികയിലെ ബാലൻസ് ഷീറ്റ് B-4 ഷെഡ്യൂളിലും ഉൾപ്പെട്ടിട്ടുള്ളത്. വിശദാംശം ചുവടെ ചേർക്കുന്നു.

| ഹെഡ് കോഡ് | ഇനം | B-4 ഷെഡ്യൂൾ പ്രകാരമുള്ള തുക |
|---|---|---|
| 320100181 | Total Sanitation Campaign | 2808144 |
| 320100198 | Grants From Suchitwa Mission | 969304 |
| 320200399 | Grants, Funds & Contributions For Specific Purposes – Other Than Development Fund And State Sponsored Scheme Funds- Other Purposes | 467050 |
| 320300103 | Grants, Funds & Contributions For Specific Purposes – Other Govrnment Agencies -Total Sanitation | 7236 |
| 320400199 | Grants, Funds & Contributions For Specific Purposes – Other Financial Instittutions | 1242487 |
| 320800101 | Benificiary Contributions | 821253 |

പ്രസ്തുത തുകകളെ സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കിയില്ല.

8) ബാലൻസ് ഷീറ്റ് B-4 ഷെഡ്യൂൾ പ്രകാരം, ഗുണഭോക്തൃ വിഹിതത്തിൽ പിരിച്ചെടുത്ത 821253/- രൂപ ഗ്രാമപഞ്ചായത്ത് അക്കൗണ്ടിൽ ചെലവഴിക്കാതെ അവശേഷിക്കുന്നു. പ്രസ്തുത ഗുണഭോക്തൃവിഹിതവുമായി ബന്ധപ്പെട്ട പ്രോജക്ടുകളുടെ വിശദാംശവും ആയത് ചെലവഴിക്കാത്തതിന്റെ കാരണവും ലഭ്യമാക്കിയില്ല.

## 1-5 പദ്ധതി അവലോകനം


ഫണ്ട് വിനിയോഗം

2022-23 സാമ്പത്തിക വർഷം ഗ്രാമ പഞ്ചായത്തിന് ബജറ്റ് വിഹിതമായി ലഭിച്ച തുക, ചെലവഴിച്ച തുക, ലാപ്സായ തുക എന്നിവയുടെ വിശദാംശം ചുവടെ ചേർക്കുന്നു.


| ഫണ്ട് | 2022-23-ൽ സംസ്ഥാന ബജറ്റ് അനുബന്ധം IV പ്രകാരം ലഭിക്കുന്ന തുക | 2022-23-ൽ ചെലവഴിച്ച തുക (സുലേഖ ചെലവ് പത്രിക പ്രകാരം) | ലാപ്സായ തുക |
|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം സാധാരണ വിഹിതം | 24563000 | 20414108 | 4148892 |
| വികസനഫണ്ട് എസ്.സി.പി | 3633000 | 2643549 | 989451 |
| മെയിന്റനൻസ് ഫണ്ട് റോഡ് | 6147000 | 1475586 | 4671414 |
| മെയിന്റനൻസ് ഫണ്ട് റോഡിതരം | 7337000 | 4485056 | 2851944 |
| **ആകെ** | **41680000** | **29018299** | **12661701** |

**ആകെ ലഭ്യമാകുന്ന തുക, ചെലവഴിച്ച തുക, ലാപ്സായ തുക എന്നിവയുടെ താരതമ്യം ലേഖാചിത്രമായി ചേർക്കുന്നു.**

**(1)**




**(2)**




1) 2022-23 വർഷത്തെ വിവിധ നിർവ്വഹണ മേഖലകളുമായി ബന്ധപ്പെട്ട് വിവിധ നിർവ്വഹണ ഉദ്യോഗസ്ഥരുടെ പദ്ധതി നിർവ്വഹണത്തിന്റെ ഭാഗമായി അടങ്കൽ, ചെലവ് എന്നിവയുടെ വിശദാംശങ്ങൾചുവടെ ചേർക്കുന്നു.

**(എ**

| നിർവ്വഹണ ഉദ്യോഗസ്ഥർ | ആകെ ഏറ്റെടുത്ത പദ്ധതികൾ | നടപ്പിലാക്കിയവ | നടപ്പിലാക്കാത്തവ | ആകെ പദ്ധതി അടങ്കൽ (ഗുണഭോക്തൃ വിഹിതം ഒഴികെ) | ആകെ പദ്ധതി ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| കൃഷി ഓഫീസർ | 9 | 8 | 1 | 1908850 | 1768850 | 93 |
| വെറ്റിനറി സർജൻ | 8 | 8 | 0 | 706167 | 612631 | 87 |
| മെഡിക്കൽ ഓഫീസർ – സി.എച്ച്.സി | 11 | 10 | 1 | 2759552 | 2240590 | 81 |
| മെഡിക്കൽ ഓഫീസർ – ഹോമിയോ | 2 | 2 | 0 | 250000 | 250000 | 100 |
| മെഡിക്കൽ ഓഫീസർ –ആയുർവേദം | 3 | 3 | 0 | 935000 | 934990 | 99 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 21 | 12 | 9 | 22560305 | 8098882 | 36 |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 14 | 11 | 3 | 5366823 | 3685253 | 69 |
| സെക്രട്ടറി | 41 | 27 | 14 | 13716216 | 5935124 | 43 |
| എച്ച്.എം. | 6 | 6 | 0 | 1002200 | 918145 | 92 |

| | | | | | | |
|---|---|---|---|---|---|---|
| അസിസ്റ്റന്റ് എഞ്ചിനീയർ | 27 | 16 | 11 | 13635069 | 3568106 | 26 |
| ഡയറിഫാം ഇൻസ്പക്ടർ | 1 | 1 | 0 | 450000 | 354963 | 79 |
| അസിസ്റ്റന്റ് സെക്രട്ടറി | 4 | 4 | 0 | 970750 | 859107 | 88 |
| ഫിഷറീസ് ഓഫീസർ | 10 | 9 | 1 | 2962000 | 2639934 | 89 |

I) വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ആകെ വകയിരുത്തിയ ഫണ്ടിന്റെ 36% മാത്രമാണ് ചെലവഴിച്ചത്. ലൈഫ് ഭവന പദ്ധതിക്ക് CRZ ക്ലിയറൻസ് ആവശ്യമുള്ളതിനാൽ കരാർ വയ്ക്കുന്നതിൽ കാലതാമസമുണ്ടായതാണ് ചെലവ് ശതമാനത്തിലെ കുറവിന് കാരണമായി വിശദീകരിച്ചിട്ടുള്ളത് (ഓഡിറ്റ് എൻക്വയറി നമ്പർ 18/29.11.2023ന്റെ മറുപടി).

Ii)അസിസ്റ്റന്റ് എഞ്ചിനീയർ 27 മരാമത്ത് പ്രവൃത്തികൾക്കായി അംഗീകാരം വാങ്ങിയെങ്കിലും 11 പ്രവൃത്തികൾ നടപ്പാക്കിയില്ല. ഇതിൽ 27/23, 28/23, 32/23, 36/23, 37/23 എന്നീ സ്പിൽ ഓവർ പ്രവൃത്തികളും ഉൾപ്പെടുന്നു. ആകെ വകയിരുത്തിയ ഫണ്ടിന്റെ 26% മാത്രമാണ് ചെലവഴിച്ചത്.

പ്രൈസ് സോഫ്റ്റ് വെയർ പ്രവർത്തനക്ഷമമാകാൻ കാലതാമസം നേരിട്ടതിനാലും പ്രവൃത്തികൾ റീ ടെൻ്ററായതിനാലുമാണ് ചെലവ് കുറഞ്ഞതെന്ന് വിശദീകരിച്ചിട്ടുണ്ട്.

Iii)സെക്രട്ടറി വകയിരുത്തിയ ഫണ്ടിന്റെ 43% മാത്രമാണ് ചെലവഴിച്ചത്.

(ബി) ആകെ വരവ് ചെലവ് (സുലേഖ പത്രിക പ്രകാരം)

| ഫണ്ട് | വകയിരുത്തിയ തുക | ചെലവ് തുക | ശതമാനം |
|---|---|---|---|
| പൊതുവിഭാഗം (ജനറൽ) | 25193605 | 20414108 | 81 |
| എസ്.സി.പി. | 3740116 | 2643549 | 71 |
| ധനകാര്യ കമ്മിഷൻ അവാർഡ് | 11267397 | 1802380 | 16 |
| കേന്ദ്രാവിഷ്കൃത ഫണ്ട് | 1808500 | 271695 | 15 |
| സംസ്ഥാനാവിഷ്കൃത ഫണ്ട് | 1431463 | 0 | 0 |
| തനത് ഫണ്ട് | 1403 | 144 | 10 |
| ബ്ലോക്ക്പഞ്ചായത്ത് വിഹിതം | 4591577 | 272463 | 6 |
| ജില്ലാ പഞ്ചായത്ത് വിഹിതം | 4134200 | 167500 | 4 |
| മെയിന്റനൻസ് റോഡ് | 7293484 | 1475586 | 20 |
| മെയിന്റനൻസ് റോഡിതരം | 7297000 | 4485056 | 61 |
| ഹെൽത്ത് ഗ്രാന്റ് | 464187 | 334094 | 72 |
| മറ്റുള്ളവ | 29007741 | 2365770 | 8 |
| ആകെ | 96230673 | 34232345 | 36 |

| ആകെ ഏറ്റെടുത്ത പദ്ധതികൾ | നടപ്പിലാക്കിയവ | നടപ്പിലാക്കാത്തവ | ആകെ പദ്ധതി അടങ്കൽ (മറ്റുള്ളവ ഒഴിവാക്കി) | ആകെ പദ്ധതി ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|---|
| 157 | 117 | 40 | 6,72,22,932 | 3,18,66,575 | 47 |

**ആസൂത്രണ സമിതി**

പതിനാലാം പഞ്ചവത്സര പദ്ധതിയിലെ വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ [സ.ഉ.(കൈ)നമ്പർ 84/2022 തസ്വഭവ തീയതി 19.04.2022] ഖണ്ഡിക, 3.1.1അനുസരിച്ച് ആസൂത്രണസമിതി ആവശ്യമെങ്കിൽ പുന:സംഘടിപ്പിക്കേണ്ടതാണ്. ഗ്രാമ പഞ്ചായത്തിൽ 2022-23 വർഷം ആസൂത്രണ സമിതി പുന:സംഘടിപ്പിച്ചിട്ടില്ല.

ആസൂത്രണ സമിതിയുടെ മിനിട്സ് പരിശോധിച്ചതിൽ, പതിനാലാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖയുടെ 3.1.1 (ബി)1 മുതൽ 17 വരെ പ്രതിപാദിക്കുന്ന ആസൂത്രണ സമിതിയുടെ ചുമതലകൾ നിർവ്വഹിച്ചിട്ടില്ലായെന്ന് കാണുന്നു.

16.12.2021, 06.05.2022എന്നീ തീയതികളിൽ ആസൂത്രണ സമിതി യോഗം കൂടിയിട്ടുണ്ട്. പ്രസ്തുത യോഗങ്ങളിൽ യഥാക്രമം 13ഉം 14ഉം അംഗങ്ങളാണ് പങ്കെടുത്തത്. 06.05.2022ലെ യോഗ വിവരങ്ങൾ മിനിട്സ് ചെയ്തിട്ടില്ല.

വർക്കിംഗ് ഗ്രൂപ്പ്

സ.ഉ.കൈ.നം 84/2022 തസ്വഭവ തീയതി 19.04.2022 ഖണ്ഡിക 3.1.2 എ പ്രകാരം വർക്കിംഗ് ഗ്രൂപ്പുകൾ പുനഃ സംഘടിപ്പിക്കാവുന്നതാണ്. തൻ വർഷം വർക്കിംഗ് ഗ്രൂപ്പുകൾ പുനഃ സംഘടിപ്പിച്ചിട്ടില്ല.

വർക്കിംഗ് ഗ്രൂപ്പ് അംഗങ്ങളുടെ നാമ മാത്രമായ പ്രാതിനിധ്യമാണ് യോഗങ്ങളിലുള്ളത്. ഉദാഹരണം ചുവടെ ചേർക്കുന്നു.

| വർക്കിംഗ് ഗ്രൂപ്പ് | അംഗങ്ങളുടെ | യോഗ | പങ്കെടുത്തവരുടെ |
|---|---|---|---|

| | എണ്ണം | തീയതി | എണ്ണം |
|---|---|---|---|
| സാമൂഹ്യ നീതി | 30 | 17.12.2021 | 7 |
| മൃഗസംരക്ഷണവും ക്ഷീര വികസനവും | 23 | 17.12.2021 | 6 |
| | | 06.05.2022 | 6 |
| ദാരിദ്ര്യ ലഘൂകരണം | 29 | 17.12.2021 | 7 |
| കൃഷി | 27 | 17.12.2021 | 3 |
| | | 06.05.2022 | 13 |

ഭൂരിഭാഗം വർക്കിംഗ് ഗ്രൂപ്പുകളും വിവിധ പ്രോജക്ട് നിർദ്ദേശങ്ങൾ നൽകുക മാത്രമാണ് ചെയ്തിട്ടുള്ളത്.

ഖണ്ഡിക 3.1.2(ബി) 13 പ്രകാരം വാർഷിക പദ്ധതി ജില്ലാ ആസൂത്രണ സമിതി അംഗീകരിച്ച ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിച്ച് പ്രോജക്ടുകൾ ഫലപ്രദമായി മോണിറ്റർ ചെയ്യേണ്ടതാണ്. വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിച്ച് ഫലപ്രദമായി മോണിറ്ററിംഗ് നടത്തിയിട്ടില്ല.

വാർഷിക പദ്ധതി രൂപീകരണത്തിനായി നടന്ന വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങളിലെ ഏതാനം നിർദ്ദേശങ്ങളും അവ നടപ്പാക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശവും ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | വർക്കിംഗ് ഗ്രൂപ്പ് | തീയതി | നിർദ്ദേശം | സ്വീകരിച്ച നടപടി (അവലംബം -ഓഡിറ്റ് എൻക്വയറി നമ്പർ **18/29.11.2023**ന്റെ മറുപടി) |
|---|---|---|---|---|
| I | പൊതുഭരണവും ധനകാര്യവും | 16.07.2022 | ആസ്തി രജിസ്റ്റർ കാലികമാക്കുക, ടൂറിസം മേഖല വികസിപ്പിച്ച് പഞ്ചായത്തിന്റെ തനത് വരുമാനം മെച്ചപ്പെടുത്തുന്നതിന് പദ്ധതികൾ ആവിഷ്കരിക്കുക. | ആസ്തി രജിസ്റ്റർ കാലികമാക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. |
| Ii | സാമൂഹ്യ നീതി | 17.12.2021 | പകൽവീട് സൌകര്യം ഏർപ്പെടുത്തുക | ആവശ്യമായ ഭൌതിക സൌകര്യങ്ങൾ ഒരുക്കിയിട്ടുണ്ട്. |
| Iii | ആരോഗ്യം | 06.05.2022 | സാമൂഹികാരോഗ്യ കേന്ദ്രത്തിന്റെ രണ്ട് സബ് സെന്ററുകൾക്ക് സ്വന്തമായി സ്ഥലം കണ്ടെത്തി കെട്ടിടം നിർമ്മിക്കുക. | കായിക്കര സബ്സെന്റർ ആയുർവേദ ആശുപത്രിയുടെ ഒന്നാം നിലയിൽ പ്രവർത്തിപ്പിക്കുന്നതിന് ഭൌതിക സാഹചര്യമൊരുക്കാൻ 2023-24ൽ പദ്ധതി ഏറ്റെടുത്തിട്ടുണ്ട്. 5-ാം വാർഡിലെ സബ്സെന്റർ പ്രവർത്തിപ്പിക്കുന്നതിന് സ്ഥലെ കണ്ടെത്തിയിട്ടുണ്ട്. |

<u>സ്റ്റാറ്റസ് റിപ്പോർട്ട്</u>

സ്റ്റാറ്റസ് റിപ്പോർട്ടിൽ പ്രതിപാദിച്ചിട്ടുള്ള ഏതാനം പ്രശ്നങ്ങളും സ്വീകരിച്ച പരിഹാര നടപടികളും ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | മേഖല | തീവ്രത | പ്രശ്നം | സ്വീകരിച്ച പരിഹാര നടപടി (അവലംബം ഓഡിറ്റ് എൻക്വയറി നമ്പർ **18/29.11.2023**ന്റെ മറുപടി) |
|---|---|---|---|---|
| I | കൃഷി | അതീവ ഗുരുതരം | തെങ്ങ് കൃഷിയുടെ ഉല്പാദന ക്ഷമത/ഉല്പാദന കുറവ് | കൃഷി വകുപ്പ് മുഖേന കേടായ തെങ്ങ് മാറ്റ് പുതിയ തൈ വിതരണം നടത്തിയിട്ടുണ്ട്. |
| Ii | മൃഗസംരക്ഷണം | അതീവ ഗുരുതരം | തെരുവ് നായ ശല്യം | വാക്സിനേഷൻ പദ്ധതി നടപ്പിലാക്കിവരുന്നു. |
| Iii | മത്സ്യബന്ധനം | ഗുരുതരം | കടൽ ക്ഷോഭവും പ്രകൃതി ക്ഷോഭവും കാരണം ജീവനോപാധികൾ | മത്സ്യ വകുപ്പ് മുഖേന പുനർഗേഹം പദ്ധതി വഴി സ്ഥലവും വീടും |

| | | | | |
|---|---|---|---|---|
| | | | നഷ്ടപ്പെടുന്നത്. | നൽകിവരുന്നു. |
| Iv | മത്സ്യബന്ധനം | ഗുരുതരം | മത്സ്യസമ്പത്ത് കുറയുന്നത് | - |
| V | സാമൂഹ്യ നീതി | ഗുരുതരം | അങ്കണവാടി നമ്പർ 5 – ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ഇല്ലാത്തിതിനാൽ കെട്ടിടം പ്രവർത്തന യോഗ്യമല്ല. | വാടക കെട്ടിടത്തിലേക്ക് മാറ്റി പ്രവർത്തിച്ചുവരുന്നു. പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് CRZ അനുമതിക്കായി സമർപ്പിച്ചിട്ടുണ്ട്. |
| Vi | വിദ്യാഭ്യാസം | ഗുരുതരം | ലഹരി മരുന്ന് ഉപയോഗം വർദ്ധിച്ചുവരുന്നത്. | സ്കൂളുകൾ കേന്ദ്രീകരിച്ച് വിമുക്തി പരിപാടി വഴി ബോധവൽക്കരണം നടത്തി വരുന്നു. |

ഗ്രാമസഭ

പദ്ധതി മാർഗ്ഗരേഖ ഖണ്ഡിക 3.2.1(1) പ്രകാരം വികസന പരിപ്രേക്ഷ്യവും കരട് പ്രോജക്റ്റ് നിർദ്ദേശങ്ങളും തയ്യാറായാൽ ഗ്രാമസഭകൾ യോഗം ചേർന്ന് പ്രോജക്റ്റ് നിർദ്ദേശങ്ങളുടെ മുൻഗണന നിശ്ചയിക്കണമെന്നുള്ളത് നിർബന്ധ വ്യവസ്ഥയാണ്. ഗ്രാമസഭ മിനിറ്റ്സിന്റെ (വാർഡ് 6, 9, 10, 11) പരിശോധനയിൽ, പ്രസ്തുത വ്യവസ്ഥ/ നിബന്ധനകൾ പാലിച്ചിട്ടുള്ളതായി കാണുന്നില്ല.

ഖണ്ഡിക 3.1.2(ബി) 7 പ്രകാരം മുൻവാർഷിക പദ്ധതിയിൽ നടപ്പാക്കിയ പ്രോജക്ടുകളുടെ ചെലവ് കണക്കുകൾ ഫോറം 4-ൽ തയ്യാറാക്കി ഗ്രാമസഭയിൽ അവതരിപ്പിക്കേണ്ടതാണ്. എന്നാൽ, ഇപ്രകാരം ഗ്രാമസഭയിൽ കണക്കുകൾ അവതരിപ്പിച്ചിട്ടില്ല.

വായ്പ

മാർഗ്ഗരേഖ 3.4.1.8, 8(എ), (ബി) എന്നിവയുടെ അടിസ്ഥാനത്തിൽ വായ്പാ സാദ്ധ്യതകൾ ചർച്ച ചെയ്ത് വ്യക്തത വരുത്താവുന്നതാണ്. എന്നാൽ, വായ്പാ സാദ്ധ്യതകൾ ചർച്ച ചെയ്തിട്ടില്ല.

തൊഴിലുറപ്പ് പദ്ധതിയുടെ സംയോജനം

മാർഗ്ഗരേഖ 3.5.6.3 (എ) യുടെ അടിസ്ഥാനത്തിൽ, മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുമായി സംയോജിച്ച് തൻവർഷം പദ്ധതികളൊന്നും നടപ്പാക്കിയിട്ടില്ല.

കുടുംബശ്രീ

മാർഗ്ഗരേഖ 3.5.6.3 (ബി) യുടെ അടിസ്ഥാനത്തിൽ കുടുംബശ്രീ പരിപാടികളുമായി സംയോജിപ്പിച്ച് തൻവർഷം പദ്ധതികളൊന്നും നടപ്പാക്കിയിട്ടില്ല.

നൂതന പ്രോജക്ടുകൾ

മാർഗ്ഗരേഖ 3.8.5 (1) ന്റെ അടിസ്ഥാനത്തിൽ, നീരാവിയിൽ നിന്നും ശുദ്ധജല ഉല്പാദനം എന്ന പ്രോജക്ടിനായി (നമ്പർ 175/23) 30,00,000 രൂപ ധനകാര്യ കമ്മീഷൻ ഗ്രാന്റ് വകയിരുത്തിയിരുന്നു. എന്നാൽ, പ്രസ്തുത പ്രോജക്ട് നടപ്പാക്കിയില്ല.

CSRഫണ്ട്

സാമൂഹ്യ പ്രതിബദ്ധത നിറവേറ്റുന്നതിന്റെ ഭാഗമായി വകയിരുത്തപ്പെടുന്ന Corporate Social Responsibility Fund (CSR Fund) ഇനത്തിൽ തുക ലഭിക്കുന്നതിന് യോഗ്യമായ ബിസിനസ് സംരംഭങ്ങൾ ഗ്രാമപഞ്ചായത്തിൽ ഇല്ല.

ആസ്തി രജിസ്റ്റർ

മാർഗ്ഗരേഖ ഖണ്ഡിക 6.8 ന്റെ അടിസ്ഥാനത്തിൽ ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കുന്നതിന്റെ ഭാഗമായി സ്ഥാപനത്തിന്റെ ഉടമസ്ഥതയിലുള്ള റോഡ്, റോഡിതര ആസ്തികളുടെ വിവരങ്ങൾ ഉൾപ്പെടുത്തിയ ആസ്തി രജിസ്റ്റർ കാലികമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

പദ്ധതി വിഹിതത്തിലൂടെ ഗ്രാമപഞ്ചായത്തിന്റെ വികസന ലക്ഷ്യങ്ങൾ പൂർണമായി നേടുന്നതിനും ലഭ്യമാകുന്ന തുക പാഴാക്കാതെ പൂർണമായി ചെലവഴിക്കുന്നതിനും കൂടുതൽ തുക നിയമാനുസൃത മാർഗ്ഗേന ലഭ്യമാക്കുന്നതിനും സർക്കാർ ഉത്തരവുകൾ, മാർഗരേഖ എന്നിവ കൃത്യമായി അനുവർത്തിക്കേണ്ടതിന്റെ ആവശ്യകത ഭരണസമിതിയും നിർവ്വഹണ ഉദ്യോഗസ്ഥരും പ്രത്യേകം ഉൾക്കൊള്ളേണ്ടതുണ്ട് എന്ന് ഓഡിറ്റ് നിരീക്ഷിക്കുന്നു.

## 1-6 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 56000 | 2 |
| വിധവാപെൻഷൻ | 8428300 | 707 |

| | | |
|---|---|---|
| വാർദ്ധക്യകാലപെൻഷൻ | 19066600 | 1547 |
| തൊഴിൽരഹിത വേതനം | 5040 | 7 |
| വികലാംഗപെൻഷൻ | 3921900 | 249 |
| അവിവാഹിതരായ 50 വയസിന് മുകളിലുള്ള സ്ത്രീകൾക്കുള്ളപെൻഷൻ | 288200 | 23 |

## 1-7 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 24.11.2023, 10.20 AMന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 66055 രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-8 ആഭ്യന്തര നിയന്ത്രണം

ഗ്രാമ പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം ഏറെ മെച്ചപ്പെടേണ്ടതുണ്ട്. ചുവടെ ചേർക്കുന്ന വിഷയങ്ങളിൽ കൂടുതൽ ശ്രദ്ധ നൽകേണ്ടതാണ്.

1)ഓഫീസ് ഉത്തരവ് മുഖേന ജോലിവിഭജനം കൃത്യമായി നിർവ്വഹിച്ചിട്ടുണ്ട്.

2)കൃത്യമായ ഇടവേളകളിൽ സ്റ്റാഫ് മീറ്റിംഗ് നടത്തിയിട്ടുണ്ട്. എന്നാൽ, റിവ്യൂ മീറ്റിംഗുകൾ നടത്തിയിട്ടില്ല.

3) 2004ലെ കേരള പഞ്ചായത്ത് രാജ് (പൌരാവകാശ രേഖ തയ്യാറാക്കൽ) ചട്ടങ്ങളിലെ ചട്ടം 9 പ്രകാരം മൂന്നാം ചട്ട പ്രകാരം തയ്യാറാക്കിയതും നാലാം ചട്ടപ്രകാരം പ്രസിദ്ധീകരിച്ചതുമായ പൌരാവകാശരേഖ വർഷത്തിലൊരിക്കൽ പഞ്ചായത്ത് ചർച്ച ചെയ്ത് പുതുക്കുകയും കാലാനുസൃതമാക്കുകയും ചെയ്യേണ്ടതാണ്. ഐ.എസ്.ഒ. സർട്ടിഫിക്കേഷന്റെ ഭാഗമായി എല്ലാ വർഷവും പൌരാവകാശരേഖ പുതുക്കി പ്രസിദ്ധീകരിച്ച് വരുന്നതായി അറിയിച്ചിട്ടുണ്ടെങ്കിലും പൌരാവകാശ രേഖ വിതരണം ചെയ്തതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.

4)ഗ്രാമപഞ്ചായത്തുകളിൽ ഫ്രണ്ട് ഓഫീസ് സംവിധാനം ഏർപ്പെടുത്തുന്നതിനായി സ.ഉ(കൈ) നം 123/2009/തസ്വഭവ തീയതി 02.07.2009 പ്രകാരം, ഫ്രണ്ട് ഓഫീസ് പ്രവർത്തനം കാര്യക്ഷമമായും ഫലപ്രദമായും നടക്കുന്നു എന്നുറപ്പു വരുത്തുന്നതിന് പഞ്ചായത്ത് തലത്തിൽ പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനും സെക്രട്ടറി കൺവീനറുമായി മോണിറ്ററിംഗ് സമിതി രൂപീകരിക്കണം. ഫ്രണ്ട് ഓഫീസ് പ്രവർത്തനം ഫലപ്രദമാക്കുന്നതിനായി സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കിയില്ല.

5)ഐ.എസ്.ഒ. സർട്ടിഫിക്കേഷന്റെ ഭാഗമായി റിക്കോഡ് റൂം സജ്ജീകരിച്ചിട്ടുണ്ടെങ്കിലും ഫയലുകൾ സൂക്ഷിക്കുന്നതിന് മതിയായ സൌകര്യമില്ലാത്തതിനാൽ റിക്കോഡ് റൂം വിപുലീകരിക്കുന്നതിന് 2023-24 വർഷം തുക വകയിരുത്തിയിട്ടുണ്ട്.

6)ഇൻകംബൻസി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടുള്ളതായി അറിയിച്ചിട്ടുണ്ടെങ്കിലും (ഓഡിറ്റ് എൻക്വയറി നമ്പർ 39/01.12.2023ന്റെ മറുപടി) ഇൻകംബൻസി രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. നിർവ്വഹണ ഉദ്യോഗസ്ഥരുടെ കൃത്യമായ വിശദാംശങ്ങൾ ലഭ്യമാക്കുന്നതിന് കഴിഞ്ഞിട്ടില്ല.

7)പൊതുജനങ്ങൾക്കുള്ള പരാതിപ്പെട്ടി സൂക്ഷിച്ചിട്ടുണ്ട്.

8) ഉപ്പ് കാറ്റിന്റെ സാന്നിദ്ധ്യമുള്ളതിനാൽ, ഫ്രണ്ട് ഓഫീസിൽ ടോക്കൺ ഡിസ്പ്ലേ സംവിധാനം ഏർപ്പെടുത്തുന്നതിന് സാധിക്കുന്നില്ല. പകരം, മാനുവൽ ടോക്കൺ സംവിധാനം ഉപയോഗിച്ചുവരുന്നു.

9)ഓഡിറ്റിന് വിശദാംശങ്ങൾ ലഭ്യമാക്കുന്നതിലും ഓഡിറ്റ് അന്വേഷണങ്ങൾക്ക് മറുപടി ലഭ്യമാക്കുന്നതിലും വേണ്ടത്ര ശ്രദ്ധ പുലർത്തിയിട്ടില്ല.

10)വാർഷിക ധനകാര്യ പത്രിക , ബജറ്റ് എന്നിവ തയ്യാറാക്കുന്നതിൽ കൂടുതൽ ശ്രദ്ധ പുലർത്തേണ്ടതാണ്.

11)മെഡിക്കൽ ഓഫീസർ -സി.എച്ച്.സി, വി.ഇ.ഒ എന്നീ നിർവ്വഹണ ഉദ്യോഗസ്ഥർ ചെലവ് രേഖകൾ ലഭ്യമാക്കുന്നതിൽ വീഴ്ച വരുത്തിയിട്ടുണ്ട്.

12)കുടുംബശ്രീക്ക് നൽകിയ തുക വ്യക്തിഗത അക്കൌണ്ടിലേക്ക് കൈമാറിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

13)പകൽവീടിന്റെ പ്രവർത്തനം ആരംഭിക്കുന്നതിനും ലൈഫ് ഭവന നിർമ്മാണം പൂർത്തീകരിക്കുന്നതിനും ജൈവ വൈവിധ്യ പാർക്ക് സംരക്ഷിക്കുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-9 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 534 | 1280666 | 1281200 | 841734 | 439466 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 21219453 | 21219453 | 21219453 | 0 |
| ആകെ | 534 | 22500119 | 22500653 | 22061187 | 439466 |

തൊഴിലുറപ്പ് പദ്ധതി ഭരണച്ചെലവ് അക്കൌണ്ട് ചെയ്തതിലുള്ള വ്യത്യാസം ഖണ്ഡിക 1-1-11ആയി ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-9-1 മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി -അപാകങ്ങൾ

1) 2022-23 വർഷത്തിൽ മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതിയിൽ 1225എണ്ണം പ്രവൃത്തികൾ ഉൾപ്പെടുത്തി 360237 തൊഴിൽ ദിനങ്ങൾ ലക്ഷ്യമിട്ട് ആക്ഷൻ പ്ലാൻ അംഗീകരിച്ചിരുന്നു. എന്നാൽ, 62170 തൊഴിൽദിനങ്ങൾ മാത്രമാണ് സൃഷ്ടിക്കാൻ കഴിഞ്ഞിട്ടുള്ളത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു(അവലംബം -ഓഡിറ്റ് അന്വേഷണം നം 20/29.11.2023 ന്റെ മറുപടി)

| പ്രവൃത്തി ഇനം | ലക്ഷ്യമിട്ട എണ്ണം | ആകെ മനുഷ്യദിനങ്ങൾ | നടപ്പിലാക്കിയ പ്രവൃത്തികൾ | നടപ്പിലാക്കിയതിന്റെ ശതമാനം | ഉപയോഗിച്ച മനുഷ്യദിനങ്ങൾ |
|---|---|---|---|---|---|
| ജലസ്രോതസ്സുകളുടെ സംരക്ഷണം,നഴ്സറി യൂണിറ്റ്,ട്രീ പ്ലാന്റേഷൻ മുതലായവ | 45 | 35938 | 07 | 16 | 500 |
| സ്വകാര്യ ഭൂമിയിലെ മണ്ണ് ജല സംരക്ഷണ പ്രവൃത്തികൾ,വ്യക്തിഗത ആസ്തികൾ,ഭവന നിർമ്മാണം മുതലായവ | 1027 | 267548 | 428 | 42 | 60940 |
| പൊതുഭൂമിയിലെ പ്രവൃത്തികൾ | 152 | 56751 | 02 | 01 | 730 |
| ആകെ | 1224 | 360237 | 437 | 36% | 62170 |

അംഗീകൃത ആക്ഷൻ പ്ലാൻ പ്രകാരമുള്ള പദ്ധതി നടത്തിപ്പിന്റെ ലക്ഷ്യപ്രാപ്തി കൈവരിക്കുന്നതിനാവശ്യമായ കൂടുതൽ കാര്യക്ഷമമായ നടപടികൾ ബന്ധപ്പെട്ട അധികൃതരുടെ ഭാഗത്തുനിന്നും ഉണ്ടാകേണ്ടതാണ്.

2) ടെൻഡർ വിശദാംശങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല

പുത്തൻ മണ്ണ് നടപ്പാത ഇന്റർലോക്കിംഗിന് (വർക്ക് കോഡ്-RC.3453544) 305970/-രൂപ ചെലവഴിച്ചിട്ടുണ്ട്. ഇതിൽ മെറ്റീരിയലുകൾ വിതരണം ചെയ്തതിന് 250015.71 രൂപ നൽകിയിട്ടുണ്ട്. ഇതിന്റെ ബില്ലുകൾ ഫയലിൽ ഉൾപ്പെടുത്തിയിട്ടില്ല. ഈ മെറ്റീരിയലുകൾ സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്തിട്ടുമില്ല. കൂടാതെ, അജയകുമാറിന്റെ ടെൻഡർ അംഗീകരിച്ചത് സംബന്ധിച്ച വിശദാംശങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ടെൻഡർ രജിസ്റ്ററിൽ ഇത് സംബന്ധിച്ചുള്ള രേഖപ്പെടുത്തലും വരുത്തിയിട്ടില്ല. ഓഡിറ്റ് അന്വേഷണത്തിന്റെ (നം 16/29.11.2023) മറുപടിയിൽ പ്രസ്തുത അപാകം സംബന്ധിച്ച് വ്യക്തമായ വിശദീകരണം ലഭ്യമാക്കിയിട്ടില്ല. ഓരോ വർഷവും പർച്ചേസ് ചെയ്യുന്നതും ഓരോ പ്രവൃത്തിക്കായി വിതരണം ചെയ്യുന്നതുമായ മെറ്റീരിയലുകളുടെ വ്യക്തമായ വിശദാംശം ഉൾപ്പെടുത്തി സ്റ്റോക്ക് രജിസ്റ്റർ പരിപാലിക്കേണ്ടതാണ്. ഓരോ പ്രവൃത്തിക്കും ലഭ്യമാകുന്നതും അംഗീകരിച്ചതുമായ ടെന്ററുകളുടെ വിശദാംശം ടെന്റർ രജിസ്റ്ററിൽ ഉൾപ്പെടുത്തേണ്ടതുമാണ്.

**3) ജി.എസ്.ടി. സ്രോതസ്സിൽ നിന്നും കുറവ് ചെയ്തിട്ടില്ല**

2017 ലെ സെൻട്രൽ ഗുഡ്സ് ആന്റ് സർവീസസ് ടാക്സ് ആക്ടിലെ വകുപ്പ് 51, കേന്ദ്ര Central Board Of Indirect Taxes And Customs ന്റെ 13.09.2018 ലെ 50 നോട്ടിഫിക്കേഷൻ, കേന്ദ്ര റവന്യൂ വകുപ്പിന്റെ 14.09.2018ലെ സർക്കുലർ നം 65/3 എന്നിവ പ്രകാരം 2,50,000 രൂപയിൽ അധികരിക്കുന്ന കരാർ തുകകൾ നൽകുമ്പോൾ ജി.എസ്.ടി. സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത് അടക്കേണ്ടതുണ്ട്. 2022-23 വർഷം നിർമ്മാണം പൂർത്തിയാക്കിയ ചുവടെ ചേർത്തിരിക്കുന്ന പ്രവൃത്തിയുമായി ബന്ധപ്പെട്ട് മേൽ പ്രകാരം ഈടാക്കേണ്ട നികുതി ഈടാക്കിയിട്ടില്ല.

| പ്രവൃത്തിയുടെ പേര് | കരാറുകാരൻ | ചെലവ് തുക | മെറ്റീരിയൽ തുക |
|---|---|---|---|
| പുത്തൻ മണ്ണ് നടപ്പാത ഇന്റർലോക്കിംഗ് | അജയകുമാർ | 305970 | 250015.71 |

നികുതി ഒടുക്ക് വരുത്തുന്നതിന് കരാറുകാരന് അറിയിപ്പ് നൽകിയതായി വിശദീകരിച്ചിട്ടുണ്ട്( ഓഡിറ്റ് അന്വേഷണം നമ്പർ 37/01.12.2023 ന്റെ മറുപടി). തുടർ നടപടി വിവരം അറിയിക്കേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോർമൻസ് ഓഡിറ്റ് | 23.08.2022 മുതൽ 24.08.2022 വരെ | 07/2022 | 25.08.2022 |

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 28.04.2018 മുതൽ 07.05.2018 വരെ | 2016-17 | 14.09.2018 |

## 1-11 തനത് വരുമാനം -അവലോകനം

ഗ്രാമപഞ്ചായത്തിന്റ പ്രധാന നികുതി വരുമാനങ്ങൾ വസ്തുനികുതി, തൊഴിൽനികുതി, ലൈസൻസ് ഫീസ് എന്നിവയാണ്. ഏറ്റവും വലിയ നികുതി വരുമാനമായ വസ്തുനികുതി നിയമാനുസൃത ഒഴിവുകളില്ലാത്ത എല്ലാ പാർപ്പിടാവശ്യ കെട്ടിടങ്ങളിൽ നിന്നും പാർപ്പിടേതര ആവശ്യങ്ങൾക്കുള്ള കെട്ടിടങ്ങളിൽ നിന്നും ഈടാക്കുന്നു (കേരള പഞ്ചായത്ത് രാജ് നിയമം 203). രണ്ടാമത്തെ വലിയ നികുതി വരുമാനമായ തൊഴിൽ നികുതി, ജീവനക്കാർ, വ്യാപാരം വ്യവസായം എന്നിവ നടത്തുന്നവർ, പ്രൊഫഷണൽസ്, സ്ഥാപനങ്ങൾ എന്നീ ഇനങ്ങളിലായി നിയമപ്രകാരം ഈടാക്കാം (കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ്-204). വ്യവസായങ്ങൾക്കും മറ്റ് സംരംഭങ്ങൾക്കും ലൈസൻസ് അനുവദിക്കുന്നതിന് ലൈസൻസ് ഫീസ് ഈടാക്കാം(കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ്-232, 233, 234).

ആറാമത് ധനകാര്യകമ്മീഷന്റെ രണ്ടാമത് റിപ്പോർട്ടിലെ നിർദ്ദേശാനുസരണം വിഭവസമാഹരണത്തിന്റെ കാര്യക്ഷമത അടിസ്ഥാനമാക്കി നടത്തിയ പരിശോധനയിൽ തൊഴിൽ നികുതി, വസ്തുനികുതി എന്നിവയിലെ ഡിമാൻഡുകൾ പൂർണമല്ല എന്ന് വ്യക്തമായി. ഡിമാൻഡുകൾ പൂർണമല്ലാത്തത് നികുതി ചോർച്ചയ്ക്ക് ഇടയാക്കുന്നു. നികുതി നികുതിയിതര വരുമാനങ്ങളെ സംബന്ധിക്കുന്ന നിരീക്ഷണങ്ങൾ ചുവടെ ചേർക്കുന്നു.

**1) പുതിയ തനതുവരുമാനമേഖലകൾ:**

പുതിയ തനതു വരുമാനമേഖലകൾ സംബന്ധിക്കുന്ന നിർദ്ദേശങ്ങൾ ഒന്നുംതന്നെ ധനകാര്യസ്ഥിരം സമിതിയുടെയോ പഞ്ചായത്ത് സമിതിയുടെയോ തീരുമാനങ്ങളിൽ ഉൾപ്പെട്ടിട്ടില്ല. പഞ്ചായത്തിന് സ്വന്തമായി സ്ഥലമുള്ള ഭാഗം വാണിജ്യപരമായി പ്രാധാന്യമുള്ളതെങ്കിൽ, അവിടങ്ങളിൽ കടമുറികൾ നിർമ്മിച്ച് തനത് വാടകവരുമാനം വർദ്ധിപ്പിക്കാമെന്നുള്ള നിർദ്ദേശങ്ങൾ സമിതിയുടെ ഭാഗത്തുനിന്നുണ്ടായിട്ടില്ല. വാണിജ്യപരമായി പ്രാധാന്യം ഉള്ള സ്ഥലങ്ങളിൽ കെട്ടിടങ്ങളോ സ്ഥലങ്ങളോ ഒഴിഞ്ഞ് കിടക്കുന്നുണ്ടോയെന്ന് പരിശോധന വിധേയമാക്കേണ്ടതാണ്.

**2)തനത് വരുമാനങ്ങൾ നിശ്ചിതസമയത്തിനുള്ളിൽ പിരിച്ചെടുക്കുന്നതിന് പഞ്ചായത്ത് നടപടി സ്വീകരിക്കേണ്ടതാണ്.**

വാർഷിക കണക്കുകൾ പ്രകാരം വസ്തുനികുതിയിൽ കുടിശ്ശിക നിലനിൽക്കുന്നുണ്ട്. നികുതി/നികുതിയേതര വരവിനങ്ങളുടെ അവലോകന യോഗങ്ങൾ കൂടി, പിരിവ് പുരോഗതി, നികുതി വർദ്ധനവ് എന്നിവ ചർച്ച ചെയ്യേണ്ടതാണ്.

**3) പ്രൊഫഷണലുകളിൽ നിന്നുള്ള തൊഴിൽ നികുതി വരുമാനം ഡിമാൻഡ് ചെയ്യുന്നില്ല:**

സ്വകാര്യ സ്ഥാപനങ്ങൾ,അഭിഭാഷകർ, സ്വകാര്യ ഡോക്ടർമാർ, പ്രൊഫഷണലുകൾ, കരാറുകാർ, ഹെവി വാഹന ഉടമകൾ, റേഷൻ വ്യാപാരികൾ,സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങൾ തുടങ്ങി തൊഴിൽ നികുതി അടവാക്കാൻ ബാധ്യസ്ഥരായവരുടെ സമ്പൂർണ രജിസ്റ്റർ പരിപാലിക്കേണ്ടതാണ്.

**4) തൊഴിൽ നികുതി ഈടാക്കുന്നതിന് സോഫ്റ്റ്‌വെയർ അധിഷ്ഠിത സംവിധാനം ഏർപ്പെടുത്തുന്നതിന് സർക്കാരിനോട് ആവശ്യപ്പെടാവുന്നതാണ്:**

വളരെ എളുപ്പത്തിൽ ചെയ്യാവുന്ന തൊഴിൽ നികുതിയുടെ ഡേറ്റാബേസ് നാളിതുവരെയും ഡിജിറ്റലൈസ് ചെയ്തിട്ടില്ല. സ്ഥാപനങ്ങൾക്ക് പെർമനന്റ് നമ്പർ നൽകികൊണ്ട് തൊഴിൽനികുതി വിവര അടിത്തറ ഡിജിറ്റലൈസ് ചെയ്യുന്നതിന് IKM മുഖാന്തിരം സർക്കാരിനോട് ആവശ്യപ്പെടാവുന്നതാണ്. തൊഴിൽ നികുതിയിലെ വരുമാനനഷ്ടം ഒരളവുവരെ ഇപ്രകാരം പരിഹരിക്കാവുന്നതാണ്.

**5) മുൻ വസ്തുനികുതി പരിഷ്കരണത്തിൽ അപാകങ്ങൾ നിലനിൽക്കെ വീണ്ടും നികുതി പരിഷ്കരിക്കുമ്പോൾ അപാകങ്ങൾ ഒഴിവാക്കുന്നതിന് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്**

2013നികുതി പരിഷ്കരണത്തിലെ നിരവധി പിഴവുകൾ തുടർന്നുള്ള ഓഡിറ്റ് റിപ്പോർട്ടുകൾ മുഖാന്തിരം ചൂണ്ടി കാണിച്ചിട്ടുണ്ടെങ്കിലും അപാകങ്ങൾ നിലവിലും തുടരുന്ന സാഹചര്യമുണ്ട്. പ്രസ്തുത വസ്തു നികുതി പരിഷ്കരണത്തിന്റെ ഡാറ്റാ എൻട്രി നിലവിലും പൂർത്തീകരിക്കപ്പെട്ടിട്ടില്ല. കെട്ടിടങ്ങളുടെ ഉപയോഗക്രമം കൃത്യമായാണോ ഉൾപ്പെടുത്തിയത്, വസ്തുനികുതി നിർണ്ണയത്തിന് സ്വീകരിച്ച റോഡുകളുടെ വിസ്തൃതി, മേഖല ഡേറ്റാ എൻട്രി നടത്തിയപ്പോൾ കൃത്യമായി ഉൾപ്പെടുത്തിയോ, മേൽത്തരം തറ നിർമ്മിതിക്ക് ബാധകമാക്കേണ്ട വർദ്ധനവ് ഉൾപ്പെടുത്തിയിരുന്നോ തുടങ്ങിയ പരിശോധനകൾ നൂറുശതമാനം നടന്നിട്ടില്ല. നൂറുശതമാനം കൃത്യമാക്കാത്ത ഡേറ്റാ ബേസ് ആസ്പദമാക്കി നികുതി വീണ്ടും പരിഷ്കരിക്കേണ്ട സാഹചര്യം വസ്തുനികുതി നിർണയത്തിലെ അപാകത്തിന് ഇടയാക്കുന്നതാണ്.

**ഓഡിറ്റിന്റെ ശുപാർശകൾ:**

1) തനതുവരുമാന വർദ്ധനവിനുള്ള നിർദ്ദേശങ്ങൾ ധനകാര്യസ്ഥിരം സമിതിയിൽ ഒരു അജണ്ടയായി ഉൾപ്പെടുത്തുന്നത് പരിഗണിക്കാവുന്നതാണ്.

2) നികുതി/നികുതി ഇതര വരവുകളുടെ അവലോകനം എല്ലാ ധനകാര്യ സ്ഥിരം സമിതി യോഗങ്ങളിലും അവതരിപ്പിക്കുന്നത് പരിഗണിക്കാവുന്നതാണ്.

3)അനധികൃത നിർമ്മാണം കണ്ടെത്തുന്നതുമായി ബന്ധപ്പെട്ട് ഒരു ഉപസമിതിയെ നിശ്ചയിച്ച് സ്ഥിരമായ റിപ്പോർട്ടിംഗ് ആവശ്യപ്പെടാവുന്നതാണ്.

4) പഞ്ചായത്ത് പരിധിയിലുള്ള പ്രൊഫഷണലുകളുടെ പട്ടിക തയ്യാറാക്കി തൊഴിൽ നികുതി കൃത്യമായി ഡിമാൻഡ് ചെയ്യേണ്ടതാണ്.

5) തൊഴിൽ നികുതി ഡിമാൻഡും പിരിവും സോഫ്റ്റ്‌വെയർ അധിഷ്ഠിതമാക്കുന്നതിന് IKMനോട് ആവശ്യപ്പെടാവുന്നതാണ്.

6) വസ്തുനികുതി നിർണയത്തിന്റെയും പരിഷ്കരണത്തിന്റെയും ഡേറ്റാപ്യൂരിഫിക്കേഷൻ ഫീൽഡ് തല റിപ്പോർട്ടിനൊപ്പം നടത്തേണ്ടതാണ്.

7) ചട്ടങ്ങളിൽ നിർദ്ദേശിച്ചിട്ടുള്ള കെട്ടിടങ്ങൾക്ക് പോസ്റ്റ് ഒക്യുപൻസി ഓഡിറ്റ് നടത്താവുന്നതാണ്.

8) സാങ്കേതികമായ പ്രശ്നങ്ങൾ IKM ന്റെ ശ്രദ്ധയിൽ കൊണ്ടുവരേണ്ടതാണ്.

9) പഞ്ചായത്തിലെ പൊതു കുളങ്ങൾ മത്സ്യകൃഷിക്കായി ലേലം ചെയ്തു നൽകുന്നതിന്റെ സാധ്യത പരിശോധിക്കേണ്ടതാണ്.

10) വസ്തു നികുതി പൂർണമായും പിരിച്ചെടുക്കുന്നതിനുള്ള ഊർജ്ജിത നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-12 ഗ്രാമസഭയ്ക്ക് മുൻപേ ഭരണസമിതി ഗുണഭോക്തൃ ലിസ്റ്റുകൾക്ക് അംഗീകാരം നൽകി.

ഗ്രാമപഞ്ചായത്ത് 2022-23 വർഷം വാർഷിക പദ്ധതിയിലുൾപ്പെടുത്തി വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ നിർവ്വഹണം നടത്തിയ പദ്ധതികളുടെ ഗുണഭോക്തൃ ലിസ്റ്റുകൾ ഭരണസമിതി അംഗീകരിച്ചിരിക്കുന്നത് 10.08.2022 നാണ്. എന്നാൽ, ഗ്രാമപഞ്ചായത്തിലെ വിവിധ വാർഡുകളിലെ ഗ്രാമസഭാ മിനിട്സുകൾ പരിശോധിച്ചപ്പോൾ ഗുണഭോക്താക്കളെ തെരഞ്ഞെടുത്തിരിക്കുന്നത് 10.08.2022 ന് ശേഷമാണെന്ന് കാണുന്നു. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| പദ്ധതിയുടെ പേര്/നമ്പർ | വാർഡ് നമ്പർ | 10.08.2022 ലെ ഭരണസമിതി തീരുമാനം, നമ്പർ | ഗ്രാമസഭ അംഗീകരിച്ച തീയതി |
|---|---|---|---|
| സ്നേഹസ്പർശം- മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ്-76/23 | 01 | 09 | 31.08.2022 |
| | 04 | | 27.08.2022 |
| | 13 | | 28.08.2022 |
| തെങ്ങിന് വളം-62/23 | 01 | 13 | 31.08.2022 |
| | 13 | | 28.08.2022 |
| | 05 | | 29.08.2022 |
| | 04 | | 27.08.2022 |
| കന്നുക്കുട്ടി പരിപാലനം- 80/23 | 01 | 16 | 31.08.2022 |
| | 03 | | 27.08.2022 |
| | 02 | | 30.08.2022 |
| മത്സ്യ വിപണനത്തിന് ഇരുചക്ര വാഹനവും ബോക്സും-104/23 | 01 | 19 | 31.08.2022 |
| | 12 | | 02.09.2022 |
| | 13 | | 28.08.2022 |
| പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി-145/23 | 01 | 20 | 31.08.2022 |
| | 05 | | 29.08.2022 |
| | 02 | | 30.08.2022 |
| വീട് പുനരുദ്ധാരണം (ജനറൽ)-42/23 | 01 | 22 | 31.08.2022 |
| | 12 | | 02.09.2022 |
| | 13 | | 28.08.2022 |
| | 14 | | 28.08.2022 |
| പാലിന് സബ്സിഡി(ജനറൽ)-47/23 | 01 | 23 | 31.08.2022 |
| | 03 | | 27.08.2022 |
| | 02 | | 30.08.2022 |

ഈ വിഷയത്തിൽ നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം -08/27.11.2022 ) ഗുണഭോക്തൃ ലിസ്റ്റുകൾ ഗ്രാമസഭയുടെ അംഗീകാരം നേടിയതിന് ശേഷം തന്നെയാണ് പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ചിട്ടുള്ളതെന്നും, എന്നാൽ സകർമ്മ സോഫ്റ്റ് വെയറിൽ രേഖപ്പെടുത്തിയപ്പോൾ തെറ്റ് സംഭവിച്ച് പോയതാണെന്നും, ഈ ലിസ്റ്റുകൾ അടുത്ത ഗ്രാമസഭയിൽ വച്ച് സാധൂകരിക്കുന്നതിനും പഞ്ചായത്ത് കമ്മിറ്റിയിൽ വച്ച് പുനരംഗീകാരം നേടുന്നതിനും നടപടി സ്വീകരിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. നടപടിക്രമങ്ങൾ പാലിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-13 രസീത് പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ

ഔട്ട്ഡോർ കളക്ഷനവേണ്ടി ചുവടെ ചേർത്തിരിക്കുന്ന രസീത് ബുക്കുകൾ വിതരണം ചെയ്തിട്ടുണ്ട്. പ്രസ്തുത രസീത് ബുക്കുകളിൽ നിന്നുള്ള വരവ് രേഖപ്പെടുത്തിയ ഔട്ട്ഡോർ കളക്ഷൻ രജിസ്റ്റർ, രസീത് ബുക്ക് നം 22305, അനുബന്ധരേഖകൾ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കാത്തതിനാൽ പിരിച്ചെടുത്ത തുകകൾ ഫ്രണ്ട് ഓഫീസിൽ ഒടുക്ക് വരുത്തിയിട്ടുണ്ടോയെന്ന് പരിശോധിക്കുവാൻ സാധിച്ചിട്ടില്ല.

| ക്രമ നമ്പർ | രസീത് ബുക്ക് നമ്പർ | കൈപ്പറ്റിയ ഉദ്യോഗസ്ഥൻ |
|---|---|---|
| 01 | 1635 | ഷിജുലാൽ |
| 02 | 1636 | അബ്ദുൾ മജീദ് |
| 03 | 1639 | ഷിബു.എം |
| 04 | 1640 | ശ്രീഹരി കെ.എസ് |
| 05 | 1643 | അബ്ദുൾ മജീദ് |
| 06 | 1644 | ശ്രീഹരി കെ.എസ് |
| 07 | 1645 | ഷിജുലാൽ |
| 08 | 1646 | അബ്ദുൾ മജീദ് |
| 09 | 22304 | സുധീർ |
| 10 | 22305 | അജിത്ത് |
| 11 | 22306 | സജിലാൽ |

രസീത് ബുക്ക് സംബന്ധിച്ചുനൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നമ്പർ 25/30.11.2023) മറുപടിയായി, ബന്ധപ്പെട്ട ഉദ്യോഗസ്ഥന് അറിയിപ്പ് നൽകിയതായി വിശദീകരിച്ചിട്ടുണ്ട്. കളക്ഷൻ രജിസ്റ്ററുകളെ സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (44/02.12.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. വ്യക്തമായ വിശദീകരണം രേഖകൾ സഹിതം ലഭ്യമാക്കേണ്ടതാണ്.

## 1-14 പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി-ചെലവാകാതെ ബാക്കി നിൽക്കുന്ന തുക തിരികെ ഈടാക്കണം.

അഞ്ചുതെങ്ങ് ഗ്രാമപഞ്ചായത്തിൽ 2018-19വർഷം മുതൽ 2022-23വരെ പ്രത്യേക കന്നുകുട്ടി പരിപാലനം പദ്ധതിക്കായി ചെലവാക്കിയ തുകയുടെ വിവരം ചുവടെ ചേർക്കുന്നു. (അവലംബം -ഓഡിറ്റ് എൻക്വയറി നമ്പർ 05തീയതി 27.11.2023ന്റെ മറുപടി)

| വർഷം | അടങ്കൽ | ഗുണഭോക്താക്കളുടെഎണ്ണം | വിനിയോഗ്യസാക്ഷ്യപത്രം ലഭ്യമായ തുക | ബാക്കി തുക |
|---|---|---|---|---|
| 2018-19 | 250000 | 20 | 244739.5 | 5260 |
| 2019-20 | 300000 | 24 | 298157 | 1843 |
| 2020-21 | 225000 | 18 | 217035 | 7965 |
| 2021-22 | 300000 | 24 | 271231 | 28769 |
| 2022-23 | 187500 | 19 | | പദ്ധതി പൂർത്തിയായിട്ടില്ല |

പ്രത്യേക കന്നുകുട്ടി പരിപാലനം പദ്ധതിക്കായി എസ് എൽ ബി പി ഡെപ്യൂട്ടി ഡയറക്ടർക്ക് നൽകിയ തുകകളിൽ ചെലവാകാതെ ബാക്കി നിൽക്കുന്ന തുകകൾ തിരികെ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-15 മുറ്റത്തൊരു മീൻതോട്ടം പദ്ധതി -ഗുണഭോക്താവിന്റെ അർഹത വ്യക്തമല്ല.

| | |
|---|---|
| പദ്ധതിയുടെ പേര് | മുറ്റത്തൊരു മീൻതോട്ടം |
| നിർവ്വഹണോദ്യോഗസ്ഥൻ | ഫിഷറീസ് ഓഫീസർ |
| പ്രോജക്ട് നമ്പർ | 110/23 |
| അടങ്കൽ | 80000/- വികസനഫണ്ട് ജനറൽ |
| ചെലവ് | 78000/- |
| ബിൽ നമ്പർ | 46000/-185/2.2.23<br>32000/-159/18.1.23 |

മുറ്റത്തൊരു മീൻ തോട്ടം പ്രസ്തുത പദ്ധതിക്ക് ജനറൽ വിഭാഗത്തിന് 8000 രൂപ വീതവും എസ് സി വിഭാഗത്തിന് 15,000 രൂപ

വീതവും നൽകുന്നു.

മേൽ പദ്ധതിയിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

കുളത്തിന്റെ സ്പെസിഫിക്കേഷൻ ഉത്തരവാദിത്വപ്പെട്ട ഉദ്യോഗസ്ഥൻ പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയിട്ടില്ല. സ്പെസിഫിക്കേഷൻ പരിശോധിച്ചിട്ടുണ്ടെന്നും ആയതിന്റെ രേഖ ഹാജരാക്കുന്നതായും അറിയിച്ചുവെങ്കിലും രേഖകൾ ലഭ്യമാക്കിയില്ല. വിജയമ്മ, ചെറവാഴ്, നെടുങ്കണ്ട എന്ന ഗുണഭോക്താവിന് 15,000 രൂപ നൽകിയിട്ടുണ്ട്. എന്നാൽ പ്രസ്തുത ഗുണഭോക്താവിന്റെ ജാതി തെളിയിക്കുന്നതിന് ആവശ്യമായ രേഖകൾ ലഭ്യമാക്കിയില്ല .ഓഡിറ്റ് എൻക്വയറിക്ക്(നമ്പർ 15/29.11.2023) മറുപടിയായി ടിയാളുടെ ഭർത്താവിന്റെ ജാതി സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടുണ്ടെങ്കിലും ഗുണഭോക്താവിന്റെ ജാതി തെളിയിക്കുന്നതിനാവശ്യമായ രേഖകൾ ലഭ്യമാക്കിയില്ല.

കൃത്യമായ രേഖകൾ പരിശോധിച്ച് അതിന്റെ അടിസ്ഥാനത്തിൽ മാത്രം ആനുകൂല്യങ്ങൾ അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 1-16 മത്സ്യ വിപണനത്തിന് ഇരുചക്രവാഹനവും ബോക്സും വനിതകൾക്ക് -ഗുണഭോക്താക്കളിൽ നിന്നും കൂടുതൽ തുക ഈടാക്കി.

| | |
|---|---|
| പദ്ധതിയുടെ പേര് | മത്സ്യ വിപണനത്തിന് ഇരുചക്രവാഹനവും ബോക്സും വനിതകൾക്ക് |
| നിർവ്വഹണോദ്യോഗസ്ഥൻ | ഫിഷറീസ് ഓഫീസർ |
| പ്രോജക്റ്റ് നമ്പർ | 104/23 |
| അടങ്കൽ | 2088450/-<br>വികസനഫണ്ട്-പൊ.വി. 840000/-<br>ഗുണഭോക്തൃവിഹിതം-1248450/- |
| ചെലവ് | 2088450/- |
| ബിൽ നം | 400000/-160/18.1.23<br>360000/-182/30.1.23<br>40000/-261/20.3.23<br>40000/-314/27.3.23 |

രജിസ്റ്റേഡ് മത്സ്യത്തൊഴിലാളി വനിതകൾക്ക് ഇരുചക്രവാഹനവും ബോക്സും വാങ്ങി നൽകുന്നതിനുള്ള പദ്ധതി. പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1) സ.ഉ (പി) നം 7/19/എസ്.പി.ഡി തീയതി 26.04.2019 പ്രകാരം എല്ലാ സർക്കാർ വകുപ്പുകളും 25,000 രൂപയ്ക്ക് മുകളിലുള്ള സാധനങ്ങളും സേവനങ്ങളും നിർബന്ധമായും ഗവൺമെൻറ് ഇ മാർക്കറ്റ് പ്ലേസ് (ജെം) വഴി വാങ്ങേണ്ടതാണ്. എന്നാൽ, ജെം മുഖേന വാഹനം വാങ്ങുന്നതിനുള്ള സാധ്യത പരിശോധിക്കാതെ വാഹനം വാങ്ങുന്നതിനായി ടെൻഡർ ക്ഷണിക്കുകയുണ്ടായി. ഉണ്ണികൃഷ്ണൻ, ഇലഞ്ഞിക്കൽ, ചാവടിമുക്ക്, കടക്കാവൂർ എന്ന ഒരു വ്യക്തി മാത്രമാണ് ടെൻഡർ സമർപ്പിച്ചത്.(റീടെണ്ടർ)

ജെമ്മിൽ 110 സിസിക്ക് താഴെയുള്ള വാഹനങ്ങൾ മാത്രം ഉണ്ടായിരുന്നതുകൊണ്ടാണ് ടെണ്ടർ പ്രകാരം വാഹനം വാങ്ങിയതെന്നാണ് അറിയിച്ചിട്ടുള്ളത്(ഓഡിറ്റ് എൻക്വയറി നം -13തീയതി 29.11.2023ന്റെ മറുപടി). എന്നാൽ, ജെം മുഖാന്തിരം വാഹനം വാങ്ങുവാൻ നടപടി സ്വീകരിച്ചതിന്റെ രേഖകളൊന്നും ലഭ്യമാക്കിയിട്ടില്ല.

2) പ്രൊക്വയർമെൻറ് കമ്മിറ്റി പ്രസ്തുത ടെൻഡർ പരിശോധിച്ച വിവരം ലഭ്യമല്ല.

3) കരാറിൽ ഏർപ്പെടാതെ 21 വാഹനങ്ങൾ വാങ്ങിയിട്ടുണ്ട്.

(അറിവില്ലായ്മ മൂലം പറ്റിയ വീഴ്ച്ചയാണെന്ന് അറിയിച്ചിട്ടുണ്ട്.)

4) ടെണ്ടറിൽ ക്വാട്ട് ചെയ്തിരിക്കുന്ന വാഹനം Honda Dio ആണ്. എന്നാൽ ബില്ലുകൾ പ്രകാരം 7 വാഹനങ്ങൾ ആക്ടീവയാണ് വാങ്ങിയിരിക്കുന്നത്(ഗുണഭോക്താക്കളുടെ താല്പര്യപ്രകാരം Activa കൂടി വാങ്ങിയതാണെന്ന് അറിയിച്ചിട്ടുണ്ട്).

5)ബില്ലുകൾ പരിശോധിച്ചപ്പോൾ ടെണ്ടറിൽ പറഞ്ഞിരിക്കുന്നതിൽ നിന്നും വാഹനത്തിന്റെ വിലയിൽ വ്യത്യാസമുള്ളതായി കാണപ്പെട്ടു. വിശദവിവരം ചുവടെ ചേർക്കുന്നു.

| ടെണ്ടർ പ്രകാരം വില | ബില്ലുകൾ പ്രകാരമുള്ള വില | |
|---|---|---|
| | Honda Dio | Activa |
| Honda Dio-79450 | 75229 | 77449 |
| Road Tax-8796 | 8275 | 8275 |
| 5 Year Insurance-7291 | 5942 | 5970 |
| Reg Fee & RTO Charge-650 | | |

ബില്ലുകൾ പ്രകാരം, വാഹനത്തിന്റെ വില, ഇൻഷുറൻസ്, റോഡ് ടാക്സ് മുതലായ ചാർജ്ജുകൾ എല്ലാം ടെൻഡറിൽ

രേഖപ്പെടുത്തിയിരിക്കുന്നതിനേക്കാൾ കുറവാണ്.

6) ടെൻഡർ പ്രകാരം ആക്സസറീസിനും ഫിറ്റിങ്ങിനുമായി ആകെ 3270/-രൂപയാണ് രേഖപ്പെടുത്തിയിരിക്കുന്നത്(Seat Cover-450, Mat-350, Indicator Buzzer-100, Side Stand-250, Ladies Foot Rest-850, Extra Box Tying System-1000, Handing & Service Charge-270). എന്നാൽ, ആക്സസറീസിനായി ഹാജരാക്കിയിരിക്കുന്നതും തുക നൽകിയിരിക്കുന്നതും 8600/- രൂപയുടെ ബില്ലുകളാണ്. ടെണ്ടറിൽ Fittingsന്റെ ഓരോ ഐറ്റത്തിനും പ്രത്യേകമായി വില രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ബില്ലിൽ ഓരോ ഐറ്റത്തിന്റെയും വില രേഖപ്പെടുത്താതെ ആകെ 8600/- എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത് (ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി ഇലഞ്ഞിക്കൽ മോട്ടേഴ്സിൽ നിന്നുള്ള അക്സസറീസിന്റെ ബിൽ ഹാജരാക്കി).

7) ഇലഞ്ഞിക്കൽ മോട്ടേഴ്സ് ആണ് ടെൻഡറിൽ പങ്കെടുത്തതെങ്കിലും വാഹനങ്ങളുടെ ബില്ലുകൾ മരയ്ക്കാർ മോട്ടേഴ്സ് തിരുവനന്തപുരം, ഷൈമാസ് റൈഡേഴ്സ് ആലപ്പുഴ, വാഹിനി മോട്ടേഴ്സ് കൊല്ലം എന്നീ സ്ഥാപനങ്ങളുടേതാണ് (ഇലഞ്ഞിക്കൽ മോട്ടേഴ്സ് സബ്ഡീലറായതിനാൽ യഥാർത്ഥ ഡീലറിന്റെ ബില്ലുകളാണ് ഹാജരാക്കിയിരിക്കുന്നത് എന്ന് അറിയിച്ചിട്ടുണ്ട്.)

8) വാഹനം കൈപ്പറ്റിയിരിക്കുന്ന മുത്തമ്മ, ബെഥേൽ എന്നയാളുടെ ഒറിജിനൽ ലൈസൻസിന്റെ പകർപ്പ് ലഭ്യമാക്കിയിട്ടില്ല, ലേണേഴ്സ് ലൈസൻസ് മാത്രമാണ് ഫയലിൽ ലഭ്യമായിട്ടുള്ളത്. യഥാർത്ഥ ലൈസൻസിന്റെ പകർപ്പ് ഹാജരാക്കുന്നതായി മറുപടിയിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും പകർപ്പ് ഹാജരാക്കിയിട്ടില്ല.(ഓഡിറ്റ് എൻക്വയറി നം -13 തീയതി 29.11.2023).

ബിൽ പ്രകാരമുള്ള വാഹനവില, ഇൻഷ്വറൻസ്, റോഡ് ടാക്സ് എന്നിവ ടെണ്ടറിൽ രേഖപ്പെടുത്തിയിരുന്നതിനേക്കാൾ കുറവായതിനാൽ ടെണ്ടറിൽ രേഖപ്പെടുത്തിയിരുന്ന തുക ഈടാക്കുന്നതിനു വേണ്ടി കൂടുതൽ അക്സസറീസ് ഉൾപ്പെടുത്തുകയും ഗുണഭോക്താക്കളിൽ നിന്നും അധികം തുക ഈടാക്കുകയും ചെയ്തു. ഗുണഭോക്താക്കളിൽ നിന്നും 59450/- രൂപ വീതം ഈടാക്കിയിട്ടുണ്ട്.

നടപടിക്രമങ്ങൾ കൃത്യമായി പാലിച്ച് പദ്ധതി നിർവ്വഹണത്തിൽ കൂടുതൽ ജാഗ്രത പുലർത്തി ഗുണഭോക്താക്കൾക്ക് അർഹമായ ആനുകൂല്യം പരമാവധി ലഭിക്കുന്നതിനുള്ള ബോധപൂർവ്വമായ നടപടികൾ നിർവ്വഹണ ഉദ്യോഗസ്ഥർ സ്വീകരിക്കേണ്ടതാണ്. ഈ വിഷയത്തിൽ ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-17 മത്സ്യതൊഴിലാളികളുടെ മക്കൾക്ക് ഫർണിച്ചർ പദ്ധതി -മാർഗ്ഗരേഖ നിർദ്ദേശങ്ങൾ കൃത്യമായി പാലിക്കണം.

| | |
|---|---|
| പദ്ധതിയുടെ പേര് | മത്സ്യതൊഴിലാളികളുടെ മക്കൾക്ക് ഫർണിച്ചർ |
| നിർവ്വഹണോദ്യോഗസ്ഥൻ | ഫിഷറീസ് ഓഫീസർ |
| പ്രോജക്ട് നമ്പർ | 103/23 |
| അടങ്കൽ | 240000/- വികസനഫണ്ട്(ജനറൽ) |
| ചെലവ് | 233038/- |
| ബിൽ നമ്പർ | 97/28.11.22 |

മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് ഫർണിച്ചർ നൽകുന്നതിനുള്ള പദ്ധതി. സിഡ്കോയിൽ നിന്നും 30 മേശകളും 30 കസേരകളും വാങ്ങി വിതരണം ചെയ്തിട്ടുണ്ട്.

സ.ഉ(കൈ)നം 115/2022/തസ്വഭവ തീയതി 28.05.2022നമ്പർ സർക്കാർ ഉത്തരവ് പ്രകാരം സ്കൂൾ അധികൃതരിൽ നിന്ന് ലഭിക്കുന്ന വിദ്യാർത്ഥികളുടെ ലിസ്റ്റ് പ്രകാരം ഫർണിച്ചർ വാങ്ങി സ്കൂൾ അധികൃതർ മുഖേന നൽകണം. ഒരു വിദ്യാർത്ഥിക്ക് ഒരിക്കൽ മാത്രമേ ആനുകൂല്യം നൽകാൻ പാടുള്ളൂ. ഇപ്രകാരമുള്ള ലിസ്റ്റ് പിന്നീട് ചേരുന്ന ഗ്രാമസഭ മുമ്പാകെ അവതരിപ്പിച്ച് അംഗീകാരം വാങ്ങേണ്ടതുമാണ്. എന്നാൽ, മേൽ പദ്ധതി പ്രകാരം, ഫർണിച്ചറുകൾ സ്കൂൾ അധികൃതരിൽ നിന്നുള്ള ലിസ്റ്റ് ഇല്ലാതെ നേരിട്ട് വിതരണം ചെയ്തിരിക്കുകയാണ്.

പ്രവൃത്തികൾ നടപ്പിലാക്കുന്നതിലെ പരിചയക്കുറവുമൂലമാണ് ഇപ്രകാരം സംഭവിച്ചതെന്ന് അറിയിച്ചിട്ടുണ്ട്(ഓഡിറ്റ് എൻക്വയറി നമ്പർ -14/29.11.2023ന്റെ മറുപടി).

സബ്സിഡി മാർഗ്ഗരേഖ നിർദ്ദേശങ്ങൾ അനുസരിച്ച് മാത്രം പദ്ധതികൾ നടപ്പിലാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 1-18 ഭക്ഷണ വിതരണത്തിന് കുടുംബശ്രീയ്ക്കുള്ള തുക വ്യക്തിഗത അക്കൌണ്ടിലേക്ക് കൈമാറി.

| | |
|---|---|
| പ്രോജക്ട് നമ്പർ , പേര് | S0057/23, പദ്ധതി ആസൂത്രണം, നിർവഹണം, മോണിട്ടറിംഗ് |
| അടങ്കൽ തുക | 250000/-വികസനഫണ്ട് |
| ചെലവ് തുക | 245694 /- |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |

പദ്ധതി ആസൂത്രണം, നിർവഹണം, മോണിട്ടറിംഗിന്റെ ഭാഗമായുള്ള ചെലവിൽ വിവിധ പരിപാടികൾക്ക് ഭക്ഷണം വിതരണം

ചെയ്ത വകയിൽ ശ്രീ രാജരാജേശ്വരി സ്വയം സഹായ സംഘത്തിന് ചുവടെ ചേർക്കുന്ന തുകകൾ നല്കിയിട്ടുണ്ട്. എന്നാൽ തുകകൾ സംഘത്തിന്റെ പ്രസിഡന്റ്, സെക്രട്ടറി ഇവരുടെ പേരിലുള്ള ജോയിന്റ് അക്കൌണ്ടിൽ നല്കുന്നതിന് പകരം വ്യക്തിഗത അക്കൌണ്ടിലാണ് നല്കിയിട്ടുള്ളത്. വിശദാംശം ചുവടെ ചേർക്കുന്നു.

| ഗുണഭോക്താവിന്റെ പേര് | അക്കൌണ്ട് നമ്പർ | തുക | ബിൽ നമ്പർ തീയതി |
|---|---|---|---|
| ശ്രീമതി ലിജ ബോസ് | SBI 57016465649 | 12000 | 33/26.8.22 |
| ശ്രീമതി ലിജ ബോസ് | SBI 57016465649 | 12000 | 126/23.12.22 |
| ശ്രീമതി ലിജ ബോസ് | SBI 57016465649 | 14000 | 174/27.1.23 |

വ്യക്തിഗത അക്കൌണ്ടിൽ തുക നിക്ഷേപിക്കാനുണ്ടായ സാഹചര്യം ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം 9/27.11.23) മറുപടിയായി, വനിത സ്വയം സഹായ സംഘത്തിന്റെ പ്രസിഡന്റ്, സെക്രട്ടറി എന്നിവരുടെ പേരിലുള്ള ജോയിന്റ് അക്കൌണ്ടിൽ തുക നിക്ഷേപിക്കാൻ സാങ്കേതിക തടസ്സം നിലനില്ക്കുന്നതിനാൽ സംഘത്തിന്റെ നിർദ്ദേശപ്രകാരമാണ് സംഘത്തിലെ അംഗമായ ശ്രീമതി ലിജ ബോസിന്റെ അക്കൌണ്ടിൽ നിക്ഷേപിച്ചതെന്ന് അറിയിച്ചിട്ടുണ്ട്. കുടുംബശ്രീയുടെ കീഴിൽ പ്രവർത്തിക്കുന്ന സ്വയം സഹായസംഘങ്ങൾക്ക് ചെലവ് തുക നല്കുമ്പോൾ വ്യക്തിഗത അക്കൌണ്ടിൽ നല്കുന്നത് ശരിയായ നടപടിയല്ല. ഇത്തരം പ്രവണത ഒഴിവാക്കേണ്ടതും ഈ വിഷയത്തിൽ നേരിടുന്ന സാങ്കേതിക പ്രശ്നം പരിഹരിച്ച് ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

## 1-19 പകൽവീട് പ്രവർത്തനം ആരംഭിച്ചിട്ടില്ല.

| | |
|---|---|
| പദ്ധതി നമ്പർ, പേര് | S0098/23 ,<br>പകൽവീട് അടിസ്ഥാന സൗകര്യ വികസനം |
| അടങ്കൽ തുക | 168000/- |
| ചെലവ് തുക | 37700/- വികസന ഫണ്ട് (പൊ.വി) |
| ബിൽ നമ്പർ തീയതി | 304/26.3.23 |
| നിർവ്വഹണ ഉദ്യോഗസ്ഥ | ഐ സി ഡി എസ് സൂപ്പർവൈസർ |

പകൽവീട് അടിസ്ഥാന സൌകര്യവികസനം നടത്തി 60 വയസ്സ് കഴിഞ്ഞ വയോജനങ്ങളെ പകൽ സമയം അവിടെ പാർപ്പിക്കുന്നതിനായി മേൽ പദ്ധതി പ്രകാരം കസേര, വീൽചെയർ, വാക്കർ, ടെലിവിഷൻ എന്നിവ 37700/- രൂപയ്ക്ക് വാങ്ങിയിട്ടുണ്ട്. പകൽവീട് നിലവിൽ പ്രവർത്തന ക്ഷമമാണെങ്കിൽ ആയത് സംബന്ധിച്ച വിശദാംശങ്ങൾ ആവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 23/ 30.11.23) മറുപടിയായി, ആയയെ നിയമിക്കാത്തതിനാൽ പകൽവീട് നിലവിൽ പ്രവർത്തന രഹിതമാണെന്നും ആയയെ നിയമിക്കാൻ വേണ്ടി 15.12.23 ൽ എംപ്ളോയ്മെന്റ് എക്സ്ചേഞ്ച് വഴി ഇന്റെർവ്യൂ നടത്തുന്നുണ്ട് എന്നും ആയയെ നിയമിച്ചാലുടൻ തന്നെ പകൽവീട് പ്രവർത്തനം ആരംഭിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

പകൽവീട് പ്രവർത്തനം സംബന്ധിച്ച തുടർ വിവരങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-20 പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി - പ്രോജക്ട് നിർവ്വഹണത്തിലെ അപാകങ്ങൾ - 60000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പദ്ധതി നമ്പർ, പേര് | S0145/23 ,<br>പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി |
| അടങ്കൽ തുക | 800000/- |
| ചെലവ് തുക | 700000/- വികസന ഫണ്ട് (പട്ടികജാതി) |
| ബിൽ നമ്പർ തീയതി | 125/22.12.22 , 100000/-<br>158/16.1.23 , 100000/-<br>191/7.2.23 , 200000/-<br>229/4.3.23 , 200000/-<br>246/14.3.23 , 50000/-<br>341/28.3.23 , 50000/- |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |

പ്രസ്തുത പ്രോജക്ടിന്റെ നിർവ്വഹണത്തിൽ, ചുവടെ ചേർക്കുന്ന അപാകതകൾ കാണുന്നു.

1. നന്ദിനി എസ്, തിട്ടയിൽ വീട്, അഞ്ചുതെങ്ങ് എന്ന ഗുണഭോക്താവിന് 150000/- രൂപ നല്കിയിട്ടുണ്ട്. എന്നാൽ, പഠനമുറിയ്ക്ക് 90000/- രൂപയുടെ വാല്യുവേഷനാണ് ലഭിച്ചിട്ടുള്ളത്. പതിനാലാം പഞ്ച വത്സരപദ്ധതി മാർഗ്ഗരേഖ, സഉ ( കൈ) നം 115/2022/LSGD തീയതി 28.5.2022 ഖണ്ഡിക 7.2.13 പ്രകാരം പദ്ധതിയ്ക്കായി 50000 രൂപ മുൻകൂറായും, തുടർന്ന് അസിസ്റ്റന്റ് എഞ്ചിനീയറുടെ വാല്യുവേഷൻ പ്രകാരം 75000/- രൂപ വീതമുള്ള രണ്ട് ഗഡുക്കളായുമാണ് തുക നല്കേണ്ടത്. എന്നാൽ 22.12.22, 7.2.22, 4.3.23 എന്നീ തീയതികളിൽ 50000/- രൂപ വീതം നല്കിയിട്ടുണ്ട്. 31.1.23 ലാണ് അസിസ്റ്റന്റ് എഞ്ചിനീയർ 90000/-

രൂപയുടെ വാല്യുവേഷൻ നല്കിയിട്ടുള്ളത്. വാല്യുവേഷനിൽ അധികരിച്ച് 4.3.23 ൽ 50000 രൂപ കൂടി നല്കിയിട്ടുണ്ട്. ഇത്തരത്തിൽ ആകെ 60,000 രൂപ വാല്യുവേഷൻ അധികരിച്ച് നൽകിയിട്ടുണ്ട്.

2. പദ്ധതിയുടെ പൂർത്തീകരണ സാക്ഷ്യപത്രം, മോണിട്ടറിംഗ് റിപ്പോർട്ട് എന്നിവ ഫയലിൽ ലഭ്യമല്ല.

പദ്ധതി മാർഗ്ഗരേഖയിൽ പരാമർശിക്കുന്നതിൽ നിന്നും വ്യത്യസ്തമായി തുക നല്കാനുള്ള സാഹചര്യവും മേൽ സൂചിപ്പിച്ച അപാകതകൾക്കും വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 22/29.11.23) മറുപടി ലഭ്യമാക്കിയിട്ടില്ല. അതിനാൽ വാല്യുവേഷനിൽ നിന്നും അധികമായി അനുവദിച്ച 60000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-21 കുടിവെള്ളക്കര കുടിശ്ശിക ഒടുക്കൽ - അപാകതകൾ

| | |
|---|---|
| പ്രോജക്ട് നമ്പർ, പേര് | S0143/23, കൈമാറികിട്ടിയ സ്ഥാപനങ്ങളുടെ കുടിവെള്ളക്കര കുടിശ്ശിക അടവാക്കൽ |
| അടങ്കൽ തുക | 656929, മെയിന്റനൻസ് ഫണ്ട് റോഡിതരം |
| ചെലവ് തുക | 607143/- |
| ബിൽ നം തീയതി | 47/14.9.22, തുക 593071/-<br>215/17.2.23 തുക 14072/- |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |

കൈമാറികിട്ടിയ സ്ഥാപനങ്ങളുടെ കുടിവെള്ളക്കര കുടിശ്ശിക അടയ്ക്കുന്നതിനായാണ് പദ്ധതി തയ്യാറാക്കിയിട്ടുള്ളത്. കുടിവെള്ളക്കര കുടിശ്ശികയുടെ വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | കൺസ്യൂമർ നമ്പർ | ഡിമാന്റ് | ഒടുക്കിയ തുക |
|---|---|---|---|
| 1 | ANT/1163/N, അംഗൻവാടി നമ്പർ 21 | 487066 | 193524 |
| 2 | ANT/1248/N ,അംഗൻവാടി നമ്പർ 9 | 206310 | 108967 |
| 3 | ANT/1245/N ,അംഗൻവാടി നമ്പർ 5 | 136846 | 53945 |
| 4 | ANT/1071/N | 210925 | 125811 |
| 5 | ANT/1081/N | 142162 | 56873 |
| 6 | ANT/1246/N | 194438 | 53951 |
| 7 | No 2172110225 | 14072 | 14072 |

സ.ഉ (കൈ) നം 43/2022/WRD തീയതി 28.6.22 ാം നം ഉത്തരവിലെ മാർഗ്ഗ നിർദ്ദേശപ്രകാരം കുടിശ്ശിക നിവാരണ തീവ്ര യജ്ഞത്തിന്റെ ഭാഗമായി ഉപഭോക്താക്കൾക്ക് പിഴ പലിശ, കൂട്ടു പലിശ എന്നിവ പൂർണമായി ഒഴിവാക്കി കൊടുത്തുകൊണ്ട് കുടിശ്ശിക അടച്ച് തീർക്കുന്നതിനുള്ള അവസരം നല്കണമെന്ന് പരാമർശിച്ചിട്ടുണ്ട്. വാട്ടർ അതോറിട്ടിയിൽ നിന്നുള്ള ഡിമാന്റ്, കുടിശ്ശിക കാലയളവ്, പിഴ പലിശ എന്നിവ സംബന്ധിച്ച വിവരങ്ങൾ അടങ്ങുന്ന ഡിമാന്റ് നോട്ടീസ് ഫയലിൽ ലഭ്യമല്ല. ക്രമ നമ്പർ 7 പ്രകാരമുള്ള കൺസ്യൂമർ നമ്പറിൽ( No 2172110225) സർചാർജ്ജ് 1208/-രൂപ ഉൾപ്പെടെയാണ് കുടിശ്ശിക തുക ഒടുക്കിയിട്ടുള്ളത്( 1208+11656+1208).

സർചാർജ്ജ് ഉൾപ്പെടെ തുക ഒടുക്കാനുണ്ടായ സാഹചര്യം, കുടിശ്ശിക സംബന്ധിച്ച വിശദാംശങ്ങൾ എന്നിവ ആവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് എൻക്വയറിക്ക്(നമ്പർ 7/27.11.23) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയത്തിൽ നിന്നുള്ള കത്ത് (DDP/TVM/648/2022/A3 Dated 28.5.22) പ്രകാരമാണ് തുക അടച്ചതെന്നും 2008 വരെയുള്ള കാലയളവിലെ കുടിശ്ശിക വിവരങ്ങളാണ് പ്രസ്തുത കത്തിൽ പരാമർശിച്ചിരുന്നതെന്നും, വാട്ടർ അതോറിട്ടിയിൽ നിന്നും ഡിമാന്റ്, കുടിശ്ശിക കാലയളവ്, പിഴ പലിശ എന്നിവ സംബന്ധിച്ച വിവരങ്ങൾ അടങ്ങുന്ന ഡിമാന്റ് നോട്ടീസ് ലഭിച്ചിട്ടില്ലായെന്നും അറിയിച്ചിട്ടുണ്ട്. ക്രമ നമ്പർ 7 പ്രകാരമുള്ള കൺസ്യൂമർ നമ്പറിൽ ( No 2172110225) സർചാർജ്ജ് 1208/- രൂപ അടച്ചത് അടുത്ത ബില്ലിൽ കുറവ് ചെയ്ത് അടയ്ക്കുന്നതാണെന്നും വിശദീകരിച്ചിട്ടുണ്ട്. വാട്ടർ അതോറിട്ടിയിൽ നിന്നുള്ള ഡിമാന്റ്, കുടിശ്ശിക കാലയളവ്, പിഴ പലിശ എന്നിവ സംബന്ധിച്ച വ്യക്തമായ വിവരങ്ങൾ ഇല്ലാതെ തുക നല്കിയത് ശരിയായ നടപടിയല്ല. അതിനാൽ മേൽ സൂചിപ്പിച്ചിട്ടുള്ള കൺസ്യൂമർ നമ്പറിലുള്ള കെട്ടിടങ്ങളുടെ വൈദ്യുതി തുകയുടെ ഡിമാന്റ് , കുടിശ്ശിക കാലയളവ്, പിഴ പലിശ എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-22 ലൈഫ് ഭവന പദ്ധതി - ഭവന നിർമ്മാണം പൂർത്തിയാക്കിയില്ല.

ലൈഫ് ഭവന (ജനറൽ)പദ്ധതി പ്രകാരം, തുകകൾ കൈപ്പറ്റിയിട്ടും നാളിതുവരെ ഭവനനിർമ്മാണം പൂർത്തിയാക്കാത്തവരുടെ വിവരം വിതരണ രജിസ്റ്റർ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പേര് | ആദ്യ ഗഡു കൈപ്പറ്റിയ തീയതി | ആകെ കൈപ്പറ്റിയ തുക |
|---|---|---|---|
| 1 | ക്ലീറ്റസ് | 15.2.22 | 300000/- |
| 2 | മേരിഹിൽഡ | 13.10.21 | 359623/- |
| 3 | കവിതരാജ് | 25.1.22 | 360000/- |

കരാർ ചമച്ച് തുക കൈപ്പറ്റിയവർ ഭവനനിർമ്മാണം പൂർത്തീകരിക്കാത്തതിന് മേൽ സ്വീകരിച്ച തുടർനടപടികളുടെ വിവരം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നമ്പർ 3/01.12.2023) മറുപടിയായി, ഗുണഭോക്താക്കൾ ഭവനനിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ടെന്നും ബാക്കി തുക നൽകുവാൻ അവശേഷിക്കുന്നുണ്ടെന്നും അറിയിച്ചിട്ടുണ്ട്. ഭവന നിർമ്മാണം പൂർത്തിയായ വിവരം ഉറപ്പാക്കി അർഹമായ ബാക്കി തുക നൽകുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 1-23 വീട് പുനരുദ്ധാരണം ജനറൽ-നിർമ്മാണം പൂർത്തിയാക്കുന്നതിന് കാലതാമസം.

| | |
|---|---|
| പദ്ധതിയുടെ പേര് | വീട് പുനരുദ്ധാരണം ജനറൽ |
| നിർവ്വഹണോദ്യോഗസ്ഥൻ | വി.ഇ.ഒ |
| പ്രോജക്റ്റ് നമ്പർ | 42/23 |
| അടങ്കൽ | 3200000/- ധനകാര്യ കമ്മീഷൻ അവാർഡ് |
| ചെലവ് | 11,25,000/- |
| ബിൽ നമ്പർ | 50000/-, 222/28.2.23<br>150000/-, 237/9.3.23<br>150000/-, 249/16.3.23<br>125000/-, 273/21.3.23<br>25000/-, 295/24.3.23<br>25000/-, 136/28.1.22<br>175000/-, 152/11.1.23<br>200000/-, 154/11.1.23<br>200000/-, 221/28.2.23<br>25000/-, 351/29.3.23 |

1)വീട് പുനരുദ്ധാരണം ജനറൽ പദ്ധതി പ്രകാരം 2022-23 വർഷം ആദ്യ ഗഡു തുക കൈപ്പറ്റിയിട്ടും നാളിതുവരെ ഭവനനിർമ്മാണം പൂർത്തിയാക്കാത്തവരുടെ വിവരം ചുവടെ ചേർക്കുന്നു. ഗുണഭോക്താക്കളുമായി ഏർപ്പെട്ട കരാർ പ്രകാരം, ആദ്യ ഗഡു കൈപ്പറ്റി മൂന്ന് മാസത്തിനുള്ളിൽ ഭവന നിർമ്മാണം പൂർത്തിയാക്കേണ്ടതാണ്.

| ക്രമ നമ്പർ | പേര് | ആദ്യ ഗഡു കൈപ്പറ്റിയ തീയതി | ആകെ കൈപ്പറ്റിയ തുക |
|---|---|---|---|
| 1 | സെല്ലൻസി, അഞ്ചുതെങ്ങ് | 11.1.23 | 25000/- |
| 2 | ക്ലമന്റ്, നെടുംതോപ്പ് | 28.2.23 | 25000/- |
| 3 | ബേബി ഗിരിജ,അഞ്ചുതെങ്ങ് | 14.2.23 | 25000/- |
| 4 | മേരി ജോൺസൺ, പൂത്തുറ | 16.3.23 | 25000/- |
| 5 | മേദിനി, അഞ്ചുതെങ്ങ് | 9.3.23 | 25000/- |

2)സ.ഉ.(കൈ) നം 115/2022/തസ്വഭവ തീയതി 28.5.23 പദ്ധതി മാർഗ്ഗരേഖപ്രകാരം ഗുണഭോക്താവ് തയ്യാറാക്കുന്ന എസ്റ്റിമേറ്റ് എൽ എസ് ജി ഡി ഓവർസിയർ സാക്ഷ്യപ്പെടുത്തിയിരിക്കണം. എന്നാൽ, പല ഗുണഭോക്താക്കളും വീട് പുനരുദ്ധാരണത്തിനായുള്ള എസ്റ്റിമേറ്റ് ഹാജരാക്കിയിട്ടില്ല. (ഓഡിറ്റ് എൻക്വയറി നമ്പർ -28/30.11.2023.)

പദ്ധതി മാർഗരേഖ, കരാർ വ്യവസ്ഥ എന്നിവ പ്രകാരമുള്ള തുടർ നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-24 വി.ഇ.ഒ നിർവ്വഹണം നടത്തിയ വിവിധ പദ്ധതികളുടെ ഫയലുകൾ ലഭ്യമാക്കിയില്ല -6,45,000/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

2022-23 വർഷം വി.ഇ.ഒ നിർവ്വഹണം നടത്തിയ പദ്ധതികളുടെ ചുവടെ പറയുന്ന ഫയലുകൾ ഓഡിറ്റിന് ലഭ്യമാക്കുന്നതിനായി ഓഡിറ്റ് റിക്വിസിഷൻ നം 1 തീയതി 30.11.23 നൽകിയിരുന്നുവെങ്കിലും ഫയലുകൾ പരിശോധനയ്ക്കായി ലഭ്യമാക്കിയിട്ടില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു. (ഓഡിറ്റ് എൻക്വയറി നം -33 തീയതി 01.12.2023.)

1)

| | |
|---|---|
| പദ്ധതിയുടെ പേര് | വീട് പുനരുദ്ധാരണം എസ്.സി |
| നിർവ്വഹണോദ്യോഗസ്ഥൻ | വി.ഇ.ഒ സർക്കിൾ-1 |
| പ്രോജക്റ്റ് നമ്പർ | 52/23 |
| അടങ്കൽ | 400000/- വികസനഫണ്ട് എസ്.സി.പി |
| ചെലവ് | 50000/- |
| ബിൽ നമ്പർ | 148/10.1.23 |

2)

| | |
|---|---|
| പദ്ധതിയുടെ പേര് | ലൈഫ് പദ്ധതി എസ് സി പി ഭൂമി വാങ്ങി നൽകൽ |
| നിർവ്വഹണോദ്യോഗസ്ഥൻ | വി.ഇ.ഒ സർക്കിൾ – 1 |
| പ്രോജക്റ്റ് നമ്പർ | 51/23 |
| അടങ്കൽ | 857434/- വികസനഫണ്ട് എസ്.സി.പി |
| ചെലവ് | 225000/- |
| ബിൽ നമ്പർ | 135/28.12.22 |

3)

| | |
|---|---|
| പദ്ധതിയുടെ പേര് | പി.എം.എ.വൈ ബ്ലോക്ക് വിഹിതം നൽകൽ -എസ് സി പി |
| നിർവ്വഹണോദ്യോഗസ്ഥൻ | വി.ഇ.ഒ സർക്കിൾ – 1 |
| പ്രോജക്റ്റ് നമ്പർ | 55/23 |
| അടങ്കൽ | 225000/- വികസനഫണ്ട് എസ് സി പി |
| ചെലവ് | 225000/- |
| ബിൽ നമ്പർ | 112/6.12.22 |

4)

| | |
|---|---|
| പദ്ധതിയുടെ പേര് | വീട് പുനരുദ്ധാരണം ആശ്രയ പദ്ധതിയിൽ ഉൾപ്പെട്ടവർക്ക് |
| നിർവ്വഹണോദ്യോഗസ്ഥൻ | വി.ഇ.ഒ സർക്കിൾ – 1 |
| പ്രോജക്റ്റ് നമ്പർ | 78/23 |
| അടങ്കൽ | 100000/- വികസനഫണ്ട് (ജനറൽ) |
| ചെലവ് | 100000/- |
| ബിൽ നമ്പർ | 137/28.12.22 തുക 25000/-<br>153/11.1.23 തുക 25000/-<br>272/21.3.23 തുക 50000/- |

5)

| | |
|---|---|
| പദ്ധതിയുടെ പേര് | ടോയിലറ്റ് അറ്റകുറ്റപ്പണി |
| നിർവ്വഹണോദ്യോഗസ്ഥൻ | വി.ഇ.ഒ സർക്കിൾ – 1 |
| പ്രോജക്റ്റ് നമ്പർ | 9/23 |
| അടങ്കൽ | 1308500/- കേന്ദ്രാവിഷ്കൃത പദ്ധതി |
| ചെലവ് | 45000/- |
| ചെക്ക് നമ്പർ | 706198/02.06.2022 |

ഫയലുകൾ പരിശോധനയ്ക്ക് ലഭ്യമാക്കാത്തതിനാൽ 6,45,000/- രൂപയുടെ ചെലവ് ഓഡിറ്റ് തടസ്സപ്പെടുത്തുന്നു. ഫയലുകൾ

പരിശോധനയ്ക്കായി ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

**1-25 മെഡിക്കൽ ഓഫീസർ, CHC - ഫയലുകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല - 102590/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.**

മെഡിക്കൽ ഓഫീസർ CHC യുടെ 102590 രൂപയുടെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

| ക്രമ നമ്പർ | പ്രോജക്ട് നമ്പർ | പേര് | ഫണ്ട് | അടങ്കൽ | ബിൽ നം/ചെലവ് തുക |
|---|---|---|---|---|---|
| 01 | 154 | ജില്ലാ ക്യാൻസർ നിയന്ത്രണ പരിപാടി | വികസനഫണ്ട് | 20000/- | 308/26.03.2023 തുക 6430 |
| 02 | 17 | സുരക്ഷാ പദ്ധതി നിർവ്വഹണം | വികസനഫണ്ട് | 16250/- | 08/07.05.2022- 3000 |
| 03 | 18 | ഫാർമസിസ്റ്റിന് വേതനം | വികസനഫണ്ട് | 18500/- | 09/07.05.2022- 16500 |
| 04 | 16 | സാന്ത്വന ചികിത്സാ പദ്ധതി | വികസനഫണ്ട് | 126615/- | 06/07.05.2022-37185<br>07/07.05.2022-39475 |

വിശദീകരണം ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നമ്പർ 35/01.12.2023 ) മറുപടി ലഭ്യമാക്കിയില്ല.

102590/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. ഫയലുകൾ പരിശോധനയ്ക്ക് ലഭ്യമാക്കി തടസ്സവാദം ഒഴിവാക്കേണ്ടതാണ്.

**1-26 മരുന്നു വാങ്ങിയതിന്റെ ടാക്സ് ഇൻവോയ്സ് ലഭ്യമാക്കിയില്ല.**

ചുവടെ ചേർത്തിരിക്കുന്ന പദ്ധതികൾക്കായി IHDB യിൽ നിന്നും മരുന്നുകൾ വാങ്ങിയ രേഖകൾക്കൊപ്പം ജില്ലാ മെഡിക്കൽ ഓഫീസറുടെ നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ്, ടാക്സ് ഇൻവോയ്സ് എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ടാക്സ് ഇൻവോയിസിന്റെ അഭാവത്തിൽ മരുന്നുകൾ ലഭ്യമായിട്ടുണ്ടോയെന്ന് ഉറപ്പാക്കാൻ സാധിച്ചിട്ടില്ല.

1)

| | | |
|---|---|---|
| പ്രോജക്ട് നമ്പർ | 92/23 | |
| പേര് | സുരക്ഷ പദ്ധതി നിർവ്വഹണം. | |
| ഫണ്ട് | അടങ്കൽ | ചെലവ് |
| വികസനഫണ്ട് (ജനറൽ) | 264000 | 199958 |
| ബിൽ നമ്പർ | 46/02.09.2022- 50000<br>108/02.12.2022- 50000<br>223/01.03.2023- 50000<br>85/16.11.2022- 6338<br>115/09.12.2022- 9000<br>116/09.12.2022- 1620<br>117/09.12.2022- 6000<br>157/13.01.2023- 9000<br>202/17.02.2023- 9000<br>248/15.03.2023- 9000 | |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ CHC | |

2)

| | | |
|---|---|---|
| പ്രോജക്ട് നമ്പർ | 45/23 | |
| പേര് | സാന്ത്വന ചികിത്സാ പദ്ധതി മരുന്നു വാങ്ങൽ | |
| ഫണ്ട് | അടങ്കൽ | ചെലവ് |
| ആകെ | 900000/- | 900000/- |
| ബിൽ നം | 32/25.08.2022- 300000<br>106/02.12.2022- 300000<br>202/17.02.2023- 300000 | |

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ CHC |

വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണങ്ങൾക്ക് (നമ്പർ 34/01.12.2023 ,41/02.12.2023,42/02.12.2023) മറുപടി ലഭ്യമാക്കിയില്ല.

വിശദമായ മറുപടി രേഖകൾ സഹിതം ലഭ്യമാക്കേണ്ടതാണ്.

## 1-27 പട്ടികജാതി വിദ്യാത്ഥികൾക്ക് ഫർണിച്ചർ-അനുബന്ധ രേഖകൾ ഹാജരാക്കിയില്ല - 9999/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | | |
|---|---|---|
| പ്രോജക്റ്റ് നമ്പർ | 139/23 | |
| പേര് | പട്ടികജാതി വിദ്യാത്ഥികൾക്ക് ഫർണിച്ചർ | |
| ഫണ്ട് | അടങ്കൽ | ചെലവ് |
| വികസനഫണ്ട് (ജനറൽ) | 4250 | 4247 |
| വികസനഫണ്ട് (എസ്.സി.പി) | 45750 | 45750 |
| ആകെ | 50000/- | 49997/- |
| ബിൽ നം | 159/11.01.2023 തുക 45750<br>151/11.01.2023 തുക 4247 | |
| നിർവ്വഹണം | ഹെഡ്മിസ്ട്രസ് | |

പ്രസ്തുത പദ്ധതി പ്രകാരം പട്ടികജാതി വിദ്യാർത്ഥികൾക്ക് മേശയും കസേരയും ലഭ്യമാക്കുന്നതിന് 49997/- രൂപ ചെലവഴിച്ചിട്ടുണ്ട്. 10 വിദ്യാർത്ഥികൾക്ക് 49997/- രൂപയുടെ (ഒരു വിദ്യാർത്ഥിക്ക് 4999.70 രൂപ വീതം) ഫർണിച്ചർ വിതരണം ചെയ്തിട്ടുണ്ട്. എന്നാൽ, 09 വിദ്യാർത്ഥികളുടെ രേഖകൾ മാത്രമാണ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടുള്ളത്. ശിവപ്രിയ എം.ആർ G.A.M.L.P.S കായിക്കര എന്ന വിദ്യാർത്ഥിയുടെ അപേക്ഷ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. കൂടാതെ, ഗൌരി പി.ആർ G.B.B.L.P.S അഞ്ചുതെങ്ങ് എന്ന വിദ്യാർത്ഥി പട്ടികജാതി വിഭാഗത്തിൽപെട്ടതാണെന്ന് തെളിയിക്കുന്ന രേഖ ഫയലിൽ നിന്നും ലഭ്യമല്ല. ഫയലിൽ ഉൾപ്പെടുത്തിയിരിക്കുന്ന, മാതാവിന്റെ വിദ്യാഭ്യാസ രേഖ പ്രകാരം മാതാവ് ഒ.ബി.സി വിഭാഗത്തിൽപെട്ടയാളുമാണ്. വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നമ്പർ 24/30.11.2023) മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ രണ്ട് വിദ്യാർത്ഥികളുടെ ഫർണിച്ചറിന്റെ തുക 4999.7 X 2 = 9999/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. ബന്ധപ്പെട്ട രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-28 ഗ്രാമസഭ നിശ്ചിത ഇടവേളകളിൽ കൂടുന്നില്ല.

ഗ്രാമപഞ്ചായത്തിലെ വിവിധ വാർഡുകളിൽ നടന്ന ഗ്രാമസഭകളുടെ മിനിട്സ് പരിശോധിച്ചതിൽ, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം, 1995 ലെ കേരളാ പഞ്ചായത്ത് രാജ് (ഗ്രാമസഭകളുടെ യോഗം വിളിച്ചുകൂട്ടുന്നതിനും നടത്തുന്നതിനുമുള്ള നടപടി) ചട്ടങ്ങൾ എന്നിവ പ്രകാരമുള്ള നിർദ്ദേശങ്ങൾ പൂർണമായും പാലിക്കാതെയാണ് ഗ്രാമസഭായോഗങ്ങൾ നടത്തിയിരിക്കുന്നതെന്ന് കാണുന്നു. 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 3(3) പ്രകാരം ഗ്രാമസഭ കുറഞ്ഞ പക്ഷം 3 മാസത്തിലൊരിക്കലെങ്കിലും യോഗം ചേരേണ്ടതാണ്. എന്നാൽ, 2022-23 സാമ്പത്തിക വർഷത്തിൽ 2022 ആഗസ്റ്റ് മാസത്തിനുശേഷം 2022 ഡിസംബർ മാസത്തിലും, തുടർന്ന് 2023 മേയ് മാസത്തിലുമാണ് ഗ്രാമസഭ യോഗം ചേർന്നിട്ടുള്ളത്. വാർഡ് 11 ൽ 01-09-2022, 19-12-2022, 24-05-2023, വാർഡ് 12 ൽ- 02-09-2022, 17-12-2022, 25-05-2023 എന്നീ തീയതികളിലാണ് ഗ്രാമസഭ കൂടിയിട്ടുള്ളത്. ഓഡിറ്റ് അന്വേഷണത്തിന്റെ (നമ്പർ 17/29.11.2023) മറുപടിയിൽ, ഗ്രാമസഭ കൃത്യമായ ഇടവേളകളിൽ കൂടാത്തത് സംബന്ധിച്ച് വിശദീകരിച്ചിട്ടില്ല. കേരളാ പഞ്ചായത്ത് രാജ് നിയമപ്രകാരമുള്ള നിശ്ചിത ഇടവേളകളിൽ ഗ്രാമസഭ കൂടുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-29 ജൈവ വൈവിദ്ധ്യ പൈതൃക വൃക്ഷം സംരക്ഷിക്കൽ - തുടർ പരിപാലനം ഉറപ്പാക്കിയില്ല.

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | S0035/23 |
| പ്രോജക്ടിന്റെ പേര് | ജൈവ വൈവിദ്ധ്യ പൈതൃക വൃക്ഷം സംരക്ഷിക്കൽ (SO) |
| അടങ്കൽ | 4,00,000 (എക്സ്റ്റേണലി എയിഡഡ് പരിപാടി) |
| ചെലവ് | 3,89,630 (ചെലവ് വിശദാംശങ്ങൾ ലഭ്യമല്ല) |
| കരാറുകാരൻ | അജയകുമാർ.ഡി (2% Below) |
| ഭരണാനുമതി | 1(3)/01.03.2022 |

| | |
|---|---|
| സാങ്കേതികാനുമതി | 94603/18.03.2023 |
| എം ബുക്ക് നമ്പർ | 02/22-23, 03/22-23 |
| നിർവ്വഹണം | അസിസ്റ്റന്റ് എഞ്ചിനീയർ |

ഗ്രാമപഞ്ചായത്തിലെ 2-ാം വർഡിലുള്ള എം.എം.എം.ജി.എൽ.പിഎസ് കോമ്പൌണ്ടിൽ നിൽക്കുന്ന രണ്ട് ചെമ്പക മരങ്ങളെ ജൈവ വൈവിദ്ധ്യ പൈതൃക വൃക്ഷമായി കേരള സംസ്ഥാന ജൈവ വൈവിദ്ധ്യ ബോർഡ് അംഗീകരിച്ച് 400000/- രൂപ അനുവദിച്ച് നൽകിയതിനെ തുടർന്ന്, പ്രസ്തുത വൃക്ഷങ്ങൾ സംരക്ഷിക്കുന്നതിനും ജൈവ വൈവിദ്ധ്യ പാർക്ക് നിർമ്മിക്കുന്നതിനും പരിപാലിക്കുന്നതിനുമായി രൂപീകരിച്ച പ്രോജക്ട്.

വൃക്ഷങ്ങൾക്ക് ചുറ്റുമായി കെട്ടിയിട്ടുള്ള RR Masonary Pointing ചെയ്യുന്നതിനും അതിനുമുകളിലായി ഗ്രാനൈറ്റ് സ്ലാബ് പാകുന്നതിനും കൂടാതെ ഔഷധ സസ്യങ്ങൾ നടുന്നതിനും പ്രസ്തുത സ്ഥലത്ത് ഒരു പാർക്ക് നിർമ്മിക്കുന്നതിനുമായുള്ള ഇനങ്ങൾ ഉൾപ്പെടുത്തി എസ്റ്റിമേറ്റ് തയ്യാറാക്കി അംഗീകാരം വാങ്ങി. ജൈവ വൈവിദ്ധ്യ ബോർഡിലെ പ്രതിനിധികളുടെ നിർദ്ദേശപ്രകാരം എഴ് അധിക ഇനങ്ങൾ ഉൾപ്പെടുത്തി എസ്റ്റിമേറ്റ് റിവൈസ് ചെയ്തു.

ഓഡിറ്റ് ടീം 01.12.2023ന് എഞ്ചിനീയറിംഗ് വിഭാഗത്തിലെ ഉദ്യോഗസ്ഥരുമായി ചേർന്ന് നടത്തിയ സ്ഥല പരിശോധനയിൽ, ജൈവ വൈവിദ്ധ്യ പാർക്ക് കാട് പിടിച്ച് നാശോന്മുഖമായിക്കൊണ്ടിരിക്കുന്നതായും ഔഷധ സസ്യങ്ങൾ ഭൂരിഭാഗവും നശിച്ച അവസ്ഥയിലും പെബിൾസ് ഭൂരിഭാഗം അളവിലുള്ളതും സ്ഥലത്ത് ഇല്ലാത്തതായും എക്സ്ട്രാ ഇനം 5 ആയി ചെയ്ത Bangalore Stepping Stone കുറച്ച് ഭാഗത്ത് ഇടിഞ്ഞു താഴ്ന്ന നിലയിലായും കാണപ്പെട്ടു.

ജൈവ വൈവിദ്ധ്യ ബോർഡിൽ നിന്നും 31.03.2021ൽ 4,00,000 രൂപ ലഭിച്ചതായും പാർക്ക് സംരക്ഷിക്കുന്നതിന് ആരെയും ചുമതലപ്പെടുത്തിയിട്ടില്ലായെന്നും പ്രസ്തുത സ്ഥലത്ത് പ്രവർത്തനം ആരംഭിക്കാനിരിക്കുന്ന പകൽവീടിന്റെ ആയയെ സംരക്ഷണത്തിന് ചുമതലപ്പെടുത്തുവാനാണ് തീരുമാനിച്ചിരിക്കുന്നതെന്നും സെക്രട്ടറി വിശദീകരിച്ചിട്ടുണ്ട് (ഓഡിറ്റ് എൻക്വയറി നമ്പർ 31/01.12.2023ന്റെ മറുപടി).

നിർവ്വഹണത്തിനുശേഷമുള്ള ബാക്കി തുക (10,370 രൂപ) ജൈവ വൈവിദ്ധ്യ ബോർഡിന് തിരികെ നൽകിയിട്ടില്ലെന്നും ആയത് തിരികെ നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

പ്രവൃത്തി പൂർത്തീകരിച്ച വേളയിൽ ആയത് സംരക്ഷിക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കണമെന്ന് ഗ്രാമ പഞ്ചായത്ത് സെക്രട്ടറി, പ്രസിഡന്റ് എന്നിവർക്ക് കത്ത് നൽകിയിരുന്നുവെന്ന് അസിസ്റ്റന്റ് എഞ്ചിനീയർ വിശദീകരിച്ചിട്ടുണ്ട് (ഓഡിറ്റ് എൻക്വയറി നമ്പർ 38/01.12.2023ന്റെ മറുപടി). Stepping Stone പാകിയിരുന്ന ഭാഗം ഇടിഞ്ഞു താഴ്ന്നത് കരാറുകാരനെ അറിയിച്ച് കേടുപാടുകൾ താമസംവിനാ തീർക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

പ്രവൃത്തി സ്ഥലത്തിന്റെ പരിപാലന ചുമതല ഏല്പിക്കുന്നതിൽ വീഴ്ചയുണ്ടായതിനാൽ, 3,89,630 രൂപ ചെലവഴിച്ച് നിർമ്മിച്ച ജൈവ വൈവിദ്ധ്യ പാർക്ക് നാശോന്മുഖമായ അവസ്ഥയിലാണ്. അടിയന്തിരമായി തുടർനടപടികൾ സ്വീകരിച്ച് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.





**1-30 അരിയിട്ടകുന്ന് കയർ സൊസൈറ്റി റോഡ് കൈവരി നിർമ്മാണം - പ്രയോജനപ്രദമാക്കേണ്ടതാണ്.**

| | |
|---|---|
| പ്രോജക്ട് നമ്പർ | S0129/23 |
| പ്രോജക്ടിന്റെ പേര് | അരിയിട്ടകുന്ന് കയർ സൊസൈറ്റി റോഡ് കൈവരി നിർമ്മാണം |
| അടങ്കൽ | 5,50,000 (മെയിന്റനൻസ് ഫണ്ട് -റോഡ്) |
| ചെലവ് | 4,83,595 |
| കരാറുകാരൻ | അനിൽകുമാർ.എസ്. (504153.14) |
| ഭരണാനുമതി | 1(1)/05.09.2022 |
| സാങ്കേതികാനുമതി | 58612/2022-5-1-1 തീയതി 18.10.2022 |
| എം ബുക്ക് നമ്പർ | ഇ- എം ബുക്ക് |
| ബിൽ നമ്പർ | 287/23.03.2023 |
| നിർവ്വഹണം | അസിസ്റ്റന്റ് എഞ്ചിനീയർ |

നിലവിൽ കോൺക്രീറ്റ് ചെയ്ത റോഡ് ചെങ്കുത്തായതിനാലും റോഡിന് കൈവരിയില്ലാത്തതിനാലും മഴ സമയത്ത് ആളുകൾ തെന്നിവീണ് അപകടങ്ങൾ സംഭവിക്കുന്നതിനാൽ നിലവിലുള്ള റോഡിന്റെ രണ്ട് വശങ്ങളിലും 20 സെന്റി മീറ്റർ വീതിയിലും 20 സെന്റി മീറ്റർ പൊക്കത്തിലും ബെൽറ്റ് കോൺക്രീറ്റ് ചെയ്ത് ഹാന്റ് റെയിൽ പിടിപ്പിക്കുന്നതിനാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയത്.

ഓഡിറ്റ് ടീം 01.12.2023ന് എഞ്ചിനീയറിംഗ് വിഭാഗത്തിലെ ഉദ്യോഗസ്ഥരുമായി ചേർന്ന് നടത്തിയ സ്ഥല പരിശോധനയിൽ, പ്രായോഗികതയുടെയും ആസൂത്രണത്തിന്റെയും അഭാവത്തിൽ, ഹാൻഡ് റെയിലും മുൻവർഷങ്ങളിൽ കോൺക്രീറ്റ് ചെയ്ത റോഡും പൂർണമായും പ്രയോജനപ്രദമല്ലായെന്ന് ബോദ്ധ്യപ്പെട്ടു. മുൻപുണ്ടായിരുന്ന സ്റ്റെപ്പ് പൊളിച്ച് കോൺക്രീറ്റ് റോഡ് നിർമ്മിച്ചുവഴി വാഹന ഗതാഗതം സുഗമമാക്കുന്നതിനായാണ് മുൻവർഷങ്ങളിൽ പ്രോജക്ട് തയ്യാറാക്കിയിട്ടുള്ളത്. എന്നാൽ, കാൽനട യാത്രക്കായി കൈവരി നിർമ്മിച്ചതിന് 4,83,595/- രൂപ ചെലവഴിച്ചിട്ടുണ്ട്. നിലവിൽ വാഹന ഗതാഗതവും കാൽനടയാത്രയും സുഗമമല്ലായെന്ന് കാണുന്നു.

ഹാർബർ എഞ്ചിനീയറിംഗ് വകുപ്പാണ് പ്രസ്തുത റോഡ് കോൺക്രീറ്റ് ചെയ്തതെന്നും നിലവിൽ അനുവദിച്ച് കിട്ടിയ ഫണ്ട് റോഡിന്റെ ചരിവ് കുറയ്ക്കുന്നതിന് അപര്യാപ്തമായതിനാൽ, കാൽനട യാത്രക്കാരുടെ സഞ്ചാരം സുഗമമാക്കുന്നതിനു വേണ്ടി ലഭ്യമായ ഫണ്ട് ഉപയോഗപ്പെടുത്തി റോഡിൽ കൈവരി നിർമ്മിച്ചിട്ടുള്ളതെന്ന് വിശദീകരിച്ചിട്ടുണ്ട് ( ഓഡിറ്റ് എൻക്വയറി നമ്പർ 38/01.12.2023ന്റെ മറുപടി).

ഉചിതമായ മാർഗ്ഗങ്ങൾ അനുവർത്തിച്ച് പ്രസ്തുത റോഡ് കാൽനട, വാഹന യാത്രകൾക്ക് പ്രയോജനപ്പെടുത്തി വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.





**1-31 ആസ്തി സംരക്ഷണ നടപടികൾ പുരോഗമിക്കുന്നു.**

പദ്ധതി മാർഗ്ഗരേഖ [സ.ഉ.(കൈ)നമ്പർ84/2022/തസ്വഭവ തീയതി 19.04.2022] ഖണ്ഡിക 6.8.1 പ്രകാരം മെയിന്റനൻസ് ഫണ്ടും ലഭ്യമാക്കാൻ കഴിയുന്ന തനത് ഫണ്ടും ഉപയോഗപ്പെടുത്തി തദ്ദേശഭരണ സ്ഥാപനത്തിന്റെ ഉടമസ്ഥതയിലും മേൽനോട്ടത്തിലും നിയന്ത്രണത്തിലുമുള്ള റോഡ്, റോഡ് ഇതര ആസ്തികളുടെ സംരക്ഷണത്തിന് ഒരു ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കേണ്ടതാണ്.

ഖണ്ഡിക 6.8.1 പ്രകാരം സേവനം മെച്ചപ്പെടുത്തുന്നതിനും നിലവിലുള്ള ആസ്തി വിപുലപ്പെടുത്തുന്നതിനും വർദ്ധിപ്പിക്കുന്നതിനും സ്ഥാപനങ്ങളെ ഉന്നത നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനും അനുയോജ്യങ്ങളായ നിർദ്ദേശങ്ങളാണ് തദ്ദേശഭരണ സ്ഥാപനങ്ങളുടെ ആസ്തി സംരക്ഷണ പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടത്. അംഗീകൃത ഏജൻസികളെ ഉപയോഗിച്ച് ജി.ഐ.എസ്. സങ്കേതങ്ങൾ ഉപയോഗപ്പെടുത്തി ആസ്തികളുടെ ഡിജിറ്റൈസേഷൻ നടത്തി ആസ്തി രജിസ്റ്റർ കുറ്റമറ്റതും കാലികവും ആക്കേണ്ടതാണ്. തങ്ങളുടെ ഉടമസ്ഥതയിലുള്ള എല്ലാ ആസ്തികളും ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടുണ്ടെന്ന് തദ്ദേശഭരണ സ്ഥാപനങ്ങൾ ഉറപ്പാക്കേണ്ടതാണ്.

മേൽ നിർദ്ദേശങ്ങൾ നടപ്പാക്കുന്നതിന്റെ ഭാഗമായി, അസിസ്റ്റന്റ് എഞ്ചിനീയറുടെ നിർവ്വഹണത്തിൽ റോഡ് കണക്ടിവിറ്റി മാപ്പിംഗ് എന്ന പ്രോജക്ടിനായി(നമ്പർ 33/23) 2022-23 വർഷം 15,540 രൂപ ചെലവഴിച്ചിട്ടുണ്ട്. പ്രസ്തുത പ്രോജക്ട് സ്പിൽ ഓവറായി നടന്നുവരുന്നതായും റോഡുകളുടെ സർവ്വേ നടപടികൾ പൂർത്തിയായിട്ടുള്ളതായും അറിയിച്ചിട്ടുണ്ട് (ഓഡിറ്റ് എൻക്വയറി നമ്പർ 02/24.11.2023). തുടർ നടപടികളുടെ വിവരം അറിയിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | പ്രോജക്ടിന്റെ പേര് | ചെലവ് |
|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | അനുപൂരക പോഷകാഹാരം | 100000 |
| | സ്നേഹ സ്പർശം | 142500 |
| | പാലിന് സബ്സിഡി -ജനറൽ | 29963 |
| **ആകെ** | | **272463** |
| ജില്ല പഞ്ചായത്ത് | സ്നേഹ സ്പർശം | 142500 |
| | പാലിന് സബ്സിഡി -ജനറൽ | 25000 |
| **ആകെ** | | **167500** |

| | 2021-22 B4 ഷെഡ്യൂൾ പ്രകാരം മുന്നിരിപ്പ് | തൻവർഷത്തെ വരവ് | ആകെ | സുലേഖ ചെലവ് പത്രിക പ്രകാരം ചെലവ് | നീക്കിയിരിപ്പ് | 2022-23 B4 ഷെഡ്യൂൾ പ്രകാരം നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| ജില്ലാപഞ്ചായത്ത് വിഹിതം | 13841 | 167500 | 181341 | 167500 | 13841 | 13841 |
| ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 1224484 | 8618363 | 9842847 | 272463 | 95070384 | 9570384 |

### 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

**സുലേഖ ചെലവ് പത്രിക പ്രകാരം**

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | തൻ വർഷം ചെലവഴിച്ച തുക (വിനിയോഗ സാക്ഷ്യപത്രം പ്രകാരം) | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| കെ.എസ്.ഇ.ബി | വൈദ്യുതി ലൈൻ നീട്ടൽ | 165868 | 0 | 165868 |

**വാർഷിക ധനകാര്യ പത്രിക പ്രകാരം**

| | 2021-22 B18 ഷെഡ്യൂൾ പ്രകാരം മുന്നിരിപ്പ് | 2022-23 വർഷത്തെ നിക്ഷേപം (സുലേഖ പ്രകാരം) | ആകെ | 2022-23 വർഷം വിനിയോഗിച്ചത് / തിരികെ ലഭിച്ചത് | നീക്കിയിരിപ്പ് | 2022-23 B18 ഷെഡ്യൂൾ പ്രകാരം നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| കെ.എസ്.ഇ.ബി | 2657529 | 165868 | 2823397 | 0 | 2823397 | 2823397 |
| വാട്ടർ അതോറിറ്റി | 12614675 | 0 | 12614675 | 0 | 12614675 | 16168861 |

വിവിധ ഏജൻസികൾക്ക് നിക്ഷേപ പ്രവൃത്തികൾക്കായി നൽകിയ തുകയിൽ 2022-23 വർഷം വിനിയോഗ സാക്ഷ്യപത്രം

ലഭിച്ചതിന്റെ വിശദാംശവും വ്യത്യാസത്തിനുള്ള വിശദീകരണവും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 21/29.11.2023) മറുപടി ലഭ്യമാക്കിയില്ല.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-4 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം ചുവടെ ചേർക്കുന്നു.

| വായ്പ വിവരം | ഉത്തരവ് നമ്പർ / തീയതി | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം ലഭിച്ച തുക (RP -31 പ്രകാരം) | തൻവർഷം തിരിച്ചടച്ച തുക (സുലേഖ ചെലവ് പത്രിക പ്രകാരം) | തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക (B-5 ഷെഡ്യൂൾ പ്രകാരം) |
|---|---|---|---|---|---|
| KURDFC | ജി.ഒ.(എം.എസ്) 68/18 തീയതി 15.05.2018 | 1882163 | 0 | 888542 | 993621 |

## 4-5 സ്ഥിര നിക്ഷേപം

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടുള്ള ഖണ്ഡികകളുടെ വിശദാംശം

ഇല്ല

## 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | |
|---|---|
| മുന്നിരിപ്പ് | 4778849 |
| ഓഡിറ്റ് വർഷത്തെ വരവ് | 40537958 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 30791491 |
| നീക്കിയിരിപ്പ് | 14525316 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 817589 |

**(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

ഇല്ല

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും | |
|---|---|---|---|
| 1-20 | 60000 | ശ്രീമതി ശാന്തി.എൻ., അസിസ്റ്റന്റ് സെക്രട്ടറി | |
| 1-24 | 645000 | 550000 | ശ്രീ. മനാസ് രാജ്.ആർ.എസ്., വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ |

| | | | |
|---|---|---|---|
| | | 50000 | ശ്രീമതി ആര്യ.പി., വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ |
| | | 45000 | ശ്രീമതി ആതിര.എം., വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ |
| 1-25 | 102590 | | ഡോ. അനിൽ കുമാർ.പി., മെഡിക്കൽ ഓഫീസർ-സി.എച്ച്.സി. |
| 1-27 | 9999 | | ശ്രീമതി ആശ.എസ്., എച്ച്.എം. |
| ആകെ | 817589 | | |

**(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

ഇല്ല

**(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഇല്ല

**(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി ശാന്തി.എൻ., അസിസ്റ്റന്റ് സെക്രട്ടറി | ലഭ്യമല്ല | അനൂപ് നിവാസ്, നിയർ ഗൌരി ഗാർഡൻസ്, കടയ്ക്കാവൂർ |
| ശ്രീ. മനാസ് രാജ്.ആർ.എസ്., വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | ലഭ്യമല്ല | സൌഭാഗ്യ, ബി.എച്ച്.എസ്, ആറ്റിങ്ങൽ |
| ശ്രീമതി ആര്യ.പി., വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | ലഭ്യമല്ല | മനോജ് ഭവൻ, സാഗര നഗർ, കടപ്പാക്കട |
| ശ്രീമതി ആതിര.എം., വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | ലഭ്യമല്ല | മണക്കാട്ടുവിളാകം, ചിറ്റാറ്റ് മുക്ക്, കണിയാപുരം |
| ഡോ. അനിൽ കുമാർ.പി., മെഡിക്കൽ ഓഫീസർ-സി.എച്ച്.സി. | മെഡിക്കൽ ഓഫീസർ-സി.എച്ച്.സി. അഞ്ചുതെങ്ങ് | അശ്വതി, പുത്തൻചന്ത, വർക്കല |
| ശ്രീമതി ആശ.എസ്., എച്ച്.എം. | എച്ച്.എം | പത്മശ്രീ, വാച്ചർമുക്ക്, വർക്കല |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| **ഓഡിറ്റ് വർഷം** | **ഓഡിറ്റ് വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം** | **തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം** |
|---|---|---|
| 2007-08 | കെ.എസ്.എ.റ്റി.വി.എം./ജി.പി. 10/1676/2022 തീയതി 17.10.2022 | 1 |
| 2008-09 | കെ.എസ്.എ.റ്റി.വി.എം./ജി.പി. 10/1676/2022 തീയതി 17.10.2022 | 3 |
| 2009-10 | കെ.എസ്.എ.റ്റി.വി.എം./ജി.പി. 10/1676/2022 തീയതി 17.10.2022 | 2 |
| 2012-13 | കെ.എസ്.എ.റ്റി.വി.എം./ജി.പി. 10/1676/2022 തീയതി 17.10.2022 | 3 |
| 2013-14 | കെ.എസ്.എ.റ്റി.വി.എം./ജി.പി. 10/1676/2022 തീയതി 17.10.2022 | 3 |
| 2014-15 | കെ.എസ്.എ.റ്റി.വി.എം./ജി.പി. 10/1676/2022 തീയതി 17.10.2022 | 2 |
| 2015-16 | കെ.എസ്.എ.റ്റി.വി.എം./ജി.പി.10/1676/2022 തീയതി 17.10.2022 | 1 |
| 2016-17 | കെ.എസ്.എ.റ്റി.വി.എം./ജി.പി.10/1676/2022 തീയതി 17.10.2022 | 7 |
| 2017-18 | കെ.എസ്.എ.റ്റി.വി.എം/ജി.പി 8/2556/2018 തീയതി 05.02.2019 | 33 |

| | | |
|---|---|---|
| 2018-19 | കെ.എസ്.എ.റ്റി.വി.എം/ജി.പി 8/491/2020 തീയതി 19.05.2020 | 37 |
| 2019-20 | കെ.എസ്.എ.റ്റി.വി.എം/ജി.പി 8/1471/2021 തീയതി 28.10.2021 | 50 |
| 2020-21 | കെ.എസ്.എ.റ്റി.വി.എം/ജി.പി 8/859/2022 തീയതി 29.06.2022 | 41 |
| 2021-22 | കെ.എസ്.എ.റ്റി.വി.എം/ജി.പി 8/1968/2022 തീയതി 27.01.2023 | 27 |

**ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)**
**ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം**
**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

## Annexure 1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 1(1) dated 31-07-2023 and submitted on 31-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03- 2023 , with supporting forms, of the Anchuthengu Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, the Annual Financial Statements give a true and fair view of the Financial result and Financial position of Anchuthengu Grama Panchayat for the year 2022-2023

**Date: 21/12/2023**

**Deputy Director(H.G)**
**District Office Trivandrum**
**Kerala State Audit Department**

# Audit Report appended to the Audit Certificate of Anchuthengu Grama Panchayat for the Year 2022-2023 .

**1.Major Observations**

The Opening Balance (4778849/-) as per RP 40(a) of AFS does not match the previous year's Closing Balance(4778844/-)as per RP 40(b).

**2.Other Observations**

1. The financial ratios, notes on accounts are not submitted for audit.

2. Net increase in cash flow (Rs. 9746467) does not match with net cash generated by investing, operative and financing activities (Rs. 40102216).

3. Statement related to B-1 Shedule (Adjusted performance for the current year) has not been submitted with the annual financial statement.

4. Depreciation not provided as per Income & Expenditure Statement for Roads & Bridges, Sewerage & Drainage, Waterways, Public Lighting, plant and machinery, other fixed Assets. As per Balance Sheet , the accumulated depreciation is same for previous and current year. As a result there is a discripancy in the assets reflected in AFS.

5. Cheques issued (Canara Bank, Kadakkavoor- Amount Rs. 10,814/-, Number of cheques - 11) and uncashed for more than three months were not transferred to Stale Cheque Account.

6.Canara Bank account balance is not reconciled(in ILGMS also).

7. Lapses in making timely and accurate demand entries in respect of tax and non tax revenue.

8. No provision is recorded in balance sheet (B-9 schedule) for unrealized expenditure during the financial year such as Honorarium of members, fuel charges etc.)

9. No monthly reconciliation is done between ledger balances and related registers.

10. An amount of Rs. 435178/-( Cheque Number 588061/28.03.2023) is not accounted as MGNREGA administrative expenditure.

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തിരുവനന്തപുരം ജില്ലയിലെ അഞ്ചുതെങ്ങ് ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്